ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI | Book 12 | April - June 2023 | Edition 2



# പത്രാധിപക്കുറിപ്പ്

അടിസ്ഥാനശിലകൾക്ക്  ഇളക്കമോ പതനമോ നടന്നാലാണ് ഒരു വ്യക്തിയുടെയും ഒരു കുടുംബത്തിൻെറയും ഒരു രാജ്യത്തിൻെറയും ലോകത്തിൻെറയും പരിപൂർണ്ണ തകർച്ച ഉണ്ടാവുക. ആ അടിസ്ഥാനശിലയാണ് ധർമ്മം. അതുകൊണ്ട് തന്നെ ലോകത്തിൻെറ നിലനില്പിന് സാംസ്കാരികവും ശാസ്ത്രീയവും ധാർമ്മികവുമായ അടിത്തറപാകിയ ഭാരതം യതോ ധർമ്മഃ തതോ ജയഃ എന്ന് പറഞ്ഞിരിയ്ക്കുന്നു. എവിടെയാണോ ധർമ്മം അവിടെയാണ് ജയം. വ്യക്തിയാകുമ്പോൾ സഹജമായ ഗുണങ്ങളും കഴിവും അഭിരുചികളും  ശീലങ്ങളും  അടങ്ങുന്നതാണ് ആ വ്യക്തിയുടെ ധർമ്മം. ഉദാഹരണത്തിന്  വെള്ളത്തിൻെറ ശൈത്യവും  അധോഗമനവും തീയ്യിന്റെ ദാഹകത്ത്വവും ഊർദ്ധ്വഗാമിത്ത്വവും അവയുടെ യഥാക്രമം ധർമ്മങ്ങളാകുന്നു. വ്യക്തിയുടെ സഹജമായ ഗുണങ്ങളും കഴിവും അഭിരുചികളും  ശീലങ്ങളും നിലനിർത്തുകയും പോഷിപ്പിയ്ക്കുകയുമാണ് അയാളിൽ അയാളുടെ ധർമ്മസംസ്ഥാപനത്തിന്  സഹായകമാവുക. അതുപോലെ രാജ്യത്തിൻെറയും മാനുഷികമൂല്യങ്ങളിൽ അധിഷ്ഠിതമായ ധാർമ്മികതയെ നിലനിർത്തുകയും പോഷിപ്പിയ്ക്കുകയും ചെയ്യുമ്പോഴാണ് രാജ്യം കെട്ടുറപ്പുള്ളതാകുന്നത്. അതിൽ മായം ചേർക്കുന്നതും പാടെ തിരസ്കരിയ്ക്കുന്നതുമായ പ്രവൃത്തി വരുമ്പോഴാണ്  രാജ്യത്തകർച്ച സംഭവിയ്ക്കുക.അല്ലാത്ത പക്ഷം രാജ്യത്തിൻെറ ഉയർച്ച. അതുകൊണ്ട് ഭാരതത്തെ ഒരു ഏകകമായി (UNIT) കണ്ട് കൊണ്ട് ഭാരതമൂല്യങ്ങളെയും ധർമ്മത്തെയും സംരക്ഷിച്ചാൽ നമ്മുടെ രാജ്യത്തിൻെറ മാത്രമല്ല ലോകത്തിൻെറ മുഴുവനും സുസ്ഥിതിയ്ക്കും വികാസത്തിനും കാരണമായി ഭവിയ്ക്കും.

# ശാംഭവി
## ത്രൈമാസിക

സൗജന്യ വിതരണത്തിന്

പുസ്തകം 13 ലക്കം 49 ഏപ്രിൽ - ജൂൺ 2023



ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712

shripuramtrust@yahoo.co.in.
www.shripuram.org



**എഡിറ്റോറിയൽ ബോർഡ്**

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ഡോ. ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**ശ്രീപുരം ട്രസ്റ്റ്**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട


# വിഷയവിവരം


1. ശിവപൂജാസ്തവഃ
**2**

2 സംസ്കൃതപഠനം (53)
**5**

3. തന്ത്രോച്ചയം
**7**

4. പരമാർത്ഥസാരം (21)
**17**

5. സ്തുതികുസുമാഞ്ജലി (13)
**22**

6. കുട്ടികളുടെ വാല്മീകിരാമായണം (34)
**28**

7. താന്ത്രികവൈഷ്ണവദർശനം
**30**

8. ഔഷധസസ്യങ്ങൾ (40) ചക്കരക്കൊല്ലി
**32**

# ശിവപൂജാസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

ജ്ഞാനശിവപ്രണീതഃ

**പ്രാതഃ ശങ്കരചിന്തനസ്നപനസംസേകാസുസംരോധനൈഃ**
**സാധ്യസംസ്കൃതിമാർജനാഘശമനോപസ്ഥാനസംതർപണൈഃ**
**ദ്വാരസ്ഥാർചനയാഗധാമഗതവിഘ്നോദ്വാസനാദ്യൈഃ പ്രഭോ**
**യഃ ശ്രീമാൻ യജനം കരോതി ഭവതസ്തസ്യൈവ സിദ്ധിദ്വയം 1**

**സാരം** - രാവിലെ തന്നെ ആരാണോ ശിവനെ ധ്യാനം, ആവാഹനം. സംസ്ഥാപനം, സംനിരോധനം.കുളിപ്പിയ്ക്കൽ, മാർച്ചനം അർച്ചനം, തർപ്പണം, ഉദ്വസിയ്ക്കൽ തുടങ്ങിയവകളാൽ പൂജിയ്ക്കുന്നത് അദ്ദേഹത്തിന് സിദ്ധികൾ കരഗതമാകും.

**എകൈവാർഥത ഈശശക്തിരമിതാ യാനേകരൂപാ ശിവാ**
**കാലോപാധിവശാദ് ദ്വിജാ അനുദിനം ബ്രാഹ്മ്യാദിരൂപേണ താം**
**ധ്യയന്ത്യത്ര തു നിർമലാത്മശിവയോഃ സംധിശ്ച ശൈവീ പരാ**
**സംധ്യാതഃ ശിവ ഏവ സാധകവരൈർധ്യേയഃ സദാ നിർമലഃ 2**

**സാരം** - അനേകരൂപത്തിൽ കാണപ്പെടുന്നുവെങ്കിലും ഈശനും ശക്തിയും വസ്തുവത്തിൽ ഒന്ന് തന്നെ. ദ്വിജന്മാർ കാലോപാധിനിമിത്തം പ്രതിദിനം ബ്രാഹ്മീ തുടങ്ങിയരൂപത്തിൽ ധ്യാനിയ്ക്കുന്നു. ശിവശക്തികളുടെ സംയോഗപരമായ ഈ ശൈവീ ദേവതാ ശ്രേഷ്ഠയാകുന്നു. സാധകരാൽ ഈ ദേവതയെയാണ് സദാ ധ്യാനിയ്ക്കേണ്ടത്.

**പ്രാതഃ സ്മരാമി ഹൃദയാബ്ജഖമധ്യസംസ്ഥം**
**ചന്ദ്രാർകമാർഗവിരഹോദിതചിത്സ്വരൂപം**
**ധ്യേയം സദാ മുനിവരൈരപവർഗസിദ്ധ്യൈ**
**വിശ്വാത്മകം സദസദന്തമനന്തമീശം 3**

**സാരം** - രാവിലെ ഹൃദയത്താമരാമധ്യത്തിലുള്ളതും സൂര്യചന്ദ്രന്മാരിൽ നിന്ന് ഉയിർക്കൊണ്ട ജ്ഞാനസ്വരൂപമായതും ഇക്കാണുന്ന ലോകമായിട്ടുള്ളതും സത്തിൽ നിന്നും അസത്തിൽ നിന്നും വേറിട്ടതുമായ ശിവനെ മോക്ഷലാഭത്തിനായി മുനിശ്രേഷ്ഠർ സദാ ധ്യാനിയ്ക്കണം.

**മധ്യംദിനേ ശതസഹസ്രനിശാകരാഭം**
**വിശ്വേശ്വരം പരമകാരണമപ്രമേയം**

**ശംഭും സദോദിതമമായവിയത്സ്വരൂപം**
**കോദണ്ഡമധ്യനിലയം സതതം സ്മരാമി 4**

**സാരം** - ഉച്ചയ്ക്ക് നൂറായിരകണക്കിന് ചന്ദ്രന്മാരുടെ ശോഭയുള്ളവനും ലോകത്തിന്റെ മുഴുവൻ നാഥനും മൂലകാരണഭൂതനും അളക്കപ്പെടാൻ സാധിയ്ക്കാത്തവനും എപ്പോഴും ഉദിച്ചിരിയ്ക്കുന്നവനും മായാരഹിതനും പ്രപഞ്ചസ്വരൂപനും ഭ്രൂമധ്യചക്രത്തിൽ സ്ഥിതിചെയ്യുന്നവനുമായ ശംഭുവിനെ എപ്പോഴും സ്മരിയ്ക്കുന്നു.

**ബ്രഹ്മാക്ഷരം നിശിമുഖേമൃതസാഗരസംസ്ഥം**
**വിശ്വാധിപം ശിവമനുത്ഥിതനാദസംസ്ഥം**
**ബോധാമൃതം കരണകാരണകാര്യഹീനം**
**തം ബ്രഹ്മരന്ധ്രനിലയം സതതം സ്മരാമി 5**

**സാരം** - അമൃതസാഗരത്തിൽ നിലയുറപ്പിച്ചവനും ലോകാധിപനും നാദത്തിനുമപ്പുറം നിൽക്കുന്നവനും ബോധമാകുന്ന അമൃതായവനും കാരണമോ കാര്യമോ ചെയ്യുനുള്ള ഉപകരണമോ അല്ലാത്തവനും സഹസ്രാരത്തിലെ ബ്രഹ്മരന്ധ്രം നിലയമായിട്ടുള്ളവനുമായ ആ ശിവനെ സദാ ധ്യാനിയ്ക്കുന്നു.

**തേജോനിധാനമചലം ശിവമർധരാത്രേ**
**നിത്യം നിരസ്തവിഷയൈഃ പരമാർഥദൃഗ്ഭിഃ**
**വിജ്ഞേയമവ്യയമചിന്ത്യമഭാവനീയ-**
**മുന്മന്യതീതവിഷയം സതതം സ്മരാമി 6**

**സാരം** - സർവ്വരുടെയും തേജസ്സിന് ആധാരമായിട്ടുള്ളവനും ചലനമറ്റതും അർധരാത്രിയിൽ മറ്റു വിഷയങ്ങളെയെല്ലാം നിരാകരിച്ച് സത്യവസ്തുവിനെ അറിയുന്നവരായവരാൽ നിത്യം അറിയപ്പെടേണ്ടതും അവ്യയനും സൂക്ഷ്മചിന്തയ്ക്ക് മാത്രം പാത്രമാകുന്നവനും ഉന്മനീ എന്ന അവസ്ഥയ്ക്ക് അപ്പുറമിരിയ്ക്കുന്നവനുമായ ശിവനെ സദാ ധ്യാനിയ്ക്കുന്നു.

**ക്ഷ്മാദിഗ്രന്ഥ്യാന്തതത്ത്വക്രമനിഹിതപദാക്രാന്തസംശുദ്ധവിദ്യാ-**
**തത്വാന്തവ്യാപിസാദാശിവവിശദപദം ഭാവയന്നാത്മരൂപം**
**ശൈവജ്ഞാനപ്രസിദ്ധപ്രവരവിധിഗതാശേഷസത്കൃത്യകാരീ**
**ജീവം ഹൃദ്യേവ കുര്യാദ് രവിശശിദഹനവ്യോമശക്ത്യന്തരസ്ഥം. 7**

**സാരം** - പൃഥിവീ തത്ത്വമടങ്ങുന്ന ഗ്രന്ഥിയിൽ നിന്നാരംഭിച്ച് ശുദ്ധവിദ്യാതത്ത്വം വരെ വ്യാപിച്ച സദാശിവന്റെ വിമലസ്ഥാനത്തെ സ്വസ്വരൂപമായി ഭാവന ചെയ്ത് ശൈവാഗമപ്രകാരമുള്ള സകലസാധനകളും ചെയ്യുന്ന സാധകൻ സൂര്യചന്ദ്രാഗ്നിവ്യോമാദികളിൽ സ്ഥിതിചെയ്യുന്ന ശിവനെ

ഹൃദയത്തിൽ ധ്യാനിയ്ക്കണം.

**ആയാമൈഃ ശ്വസനസ്യ ഭൗതികമലം ദേഹം കലാഭിഃ സുധീഃ**
**യഃ പഞ്ചാധ്വവിസർപിണീഭിരനിശം സംശോദ്ധ്യ തച്ഛംബരൈഃ**
**മന്ത്രാലങ്കൃതദേഹഭൃന്നിശി ദിവാ സംധ്യാസു സംതോഷയ-**
**ന്നർചാഹോമസമാധിഭിഃ ശിവമസൗ സംയാതി ശൈവം പദം 8**

**സാരം** - സൂക്ഷ്മശരീരത്തെ ദഹനപ്ലാവനാദികളിലൂടെയും വ്യാപനത്തിലൂടെയും ശുദ്ധീകരിച്ചും പഞ്ചഭൂതങ്ങളെയും തന്മാത്രകളെയും പുനഃസൃഷ്ടിച്ചും മന്ത്രന്യാസം നടത്തി സ്വശരീരത്തെ ദേവതുല്യശരീരമാക്കിയും രാത്രിയിലും പകലും സന്ധ്യയ്ക്കും പൂജഹോമധ്യാനങ്ങളാൽ യാതൊരു സാധകൻ ശിവനെ സന്തോഷിപ്പിയ്ക്കുന്നുവോ അയാൾ ശിവപദം പ്രാപിയ്ക്കും.

**യ ഏഷ ദേവോ മഹതോ മഹീയാനണോരണീയാൻ ഭവഭീരുഭിഃ സദാ**
**ജ്ഞേയഃ ശിവഃ സർവഗതഃ ശരീരേ ധ്യേയശ്ച പൂജ്യഃ ശിവലിംഗമധ്യേ9**

**സാരം** - ഇയൊരു ദേവൻ മഹത്തായവകളിൽ വച്ച് മഹത്തും ഏറ്റവും ചെറുതായവകളിൽ വച്ച് ചെറുതമാണ്. എല്ലായിടത്തും ഇരിയ്ക്കുന്ന ഈ ശിവൻ സംസാരഭയമുള്ളവരാൽ സദാ അറിയപ്പെടേണ്ടവനും സ്വശരീരത്തിൽ ധ്യനിയ്ക്കപ്പെടേണ്ടവനും ശിവലിംഗത്തിൽ ആരാധിയ്ക്കപ്പെടേണ്ടവനുമാണ്

**ഹൃദ്പദ്മാഖ്യശിവാലയേ മനസിജേ തത്കർണികാഖ്യേ ക്രിയാ-**
**പീഠേ ജ്ഞാനമയം വിശുദ്ധമനസാ സംസ്ഥാപ്യ നാദാത്മനാ**
**ലിംഗം തച്ച സുധാമയേന പയസാ സംസ്നാപ്യ സമ്യക് പുനർ-**
**വൈരാഗ്യണാ ച ചന്ദനേന വസുഭിഃ പുഷ്പൈരഹിംസാദിഭിഃ 10**

**സാരം** - മനസാകുന്ന ഹൃദയപദ്മശിവക്ഷേത്രത്തിൽ അതിൻെറ കർണ്ണികയാകുന്ന പീഠത്തിൽ നാദാത്മകമായ വിശുദ്ധമനസ്സ് കൊണ്ട് ജ്ഞാനമയമായ ശിവലിംഗം പ്രതിഷ്ഠിച്ച് ആ ലിംഗത്തെ അമൃത് മയമായ

വെള്ളം കൊണ്ടും പിന്നീട് വൈരാഗ്യമാകുന്ന ചന്ദനം കൊണ്ടും രത്നങ്ങളെകൊണ്ടും അഹിംസാദികളായ പുഷ്പങ്ങളാലും അഭിഷേകം ചെയ്ത് യാതൊരാൾ യജിക്കുന്നുവോ അയാളാണ് ധന്യൻ.

**പ്രാണായാമേന ധൂപവിധിനാ ചിദ്ദീപദാനേന യഃ**
**പ്രത്യാഹാരമയേന സോമഹവിഷാ സൗഷുമ്നജാപേന ച**
**തച്ചിത്തോ ബഹുധാരണാഭിരമലധ്യാനോദ്ഭവൈർഭൂഷണൈ-**
**സ്തത്സാമ്യാണ്ഡനിവേദനേന യജതേ ധന്യഃ സ ഏവാമലഃ 11**

**സാരം** - പ്രാണായാമമാകുന്ന ധൂപവിധികൊണ്ടും ജ്ഞാനമാകുന്ന ദീപപ്രദാനം കൊണ്ടും പ്രത്യാഹരമാകുന്ന സോമഹവിസ്സിൻെറ സമർപ്പണത്താ

ലും സുഷുമ്നയിലൂടെയുള്ള ജപത്താലും മനസ്സിൽ ശിവധാരണത്താലും ശിവൻെറ അമലമായ ധ്യാനമാകുന്ന ആഭരണത്താലും ശിവമന്ത്രനിവേദന ത്താലും ശിവപൂജനം നടത്തുന്ന സാധകൻ തന്നെയാണ് നിർമ്മലനും ധന്യനും.

**ചന്ദ്രസ്രാവിസുധാമയേന ഹവിഷാ നാഭിസ്ഥകുണ്ഡേനലം**
**സംതർപ്യേശമയം ശിവാസ്പദഗതവ്യോമ്നി സ്ഥിതേ സർവഗേ**
**കന്ദോദ്ഭൂതശിവാണുനാദശിഖയാ വൃത്ത്യാത്മസംവേദനം**
**ശൈവേ ജ്യോതിഷി യഃ കരോതി പുരോഷോ മുക്തഃ സ ഏവാക്ഷയഃ12**

**സാരം** - ചന്ദ്രമണ്ഡലസ്ഥിതമായ അമൃതാകുന്ന ഹവിസ്സ്കൊണ്ട് നാഭി സ്ഥിതമായ അനലാത്മകനായ ശിവനെ തർപ്പിക്കുകയും സർവവ്യാപിയും ശിവസംബന്ധിയായ ആകാശത്തിൽ സ്ഥിതനായ ഈശനുമായി ശിവമന്ത്ര ത്മകമായ നാദത്താൽ സംവദിച്ച് ആരാധിക്കുന്നവൻ മുക്തനാകും.

# സംസ്കൃതപഠനം (53)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

**പ്രജാനാം വിനയാധാനാദ്രക്ഷണാദ്ഭരണാദപി**
**സ പിതാ പിതരസ്താസാം കേവലം ജന്മഹേതവഃ** 24

**പദങ്ങൾ** പ്രജാനാം വിനയാധാനാദ് രക്ഷണാദ് ഭരണാത് അപി സഃ പിതാ പിതരഃ താസാം കേവലം ജന്മഹേതവഃ

**വിഭക്ത്യാദികൾ**

| | |
|---|---|
| പ്രജാനാം | ആകാരാന്തഃ സ്ത്രീലിംഗഃ ഷഷ്ഠീ ബഹുവചനം |
| വിനയാധാനാത് | അകാരാന്തഃ നപുംസകലിംഗഃ പഞ്ചമീ ഏകവചനം |
| രക്ഷണാത് | അകാരാന്തഃ നപുംസകലിംഗഃ പഞ്ചമീ ഏകവചനം |
| ഭരണാത് | അകാരാന്തഃ നപുംസകലിംഗഃ പഞ്ചമീ ഏകവചനം |
| അപി | അവ്യയം |

| | |
|---|---|
| സഃ | തകാരാന്തഃ സ്ത്രീല്ലിംഗഃ പ്രഥമാ ഏകവചനം |
| പിതാ | ഋകാരാന്തഃ പുല്ലിംഗഃ  പ്രഥമാ ഏകവചനം |
| പിതരഃ | ഋകാരാന്തഃ പുല്ലിംഗഃ  പ്രഥമാ  ബഹുവചനം |
| താസാം | തകാരാന്തഃ സ്ത്രീലിംഗഃ ഷഷ്ഠീ  ബഹുവചനം |
| കേവലം | അവ്യയം |
| ജന്മഹേതവഃ | ഉകാരാന്തഃ പുല്ലിംഗഃ  പ്രഥമാ  ബഹുവചനം |

## സമാസാദികാര്യങ്ങൾ

| | |
|---|---|
| വിനയാധാനാത് | വിനയസ്യ ആധാനം , തസ്മാത് |
| ജന്മഹേതവഃ | ജന്മനഃ ഹേതവഃ |

## പദാർത്ഥങ്ങൾ

| | |
|---|---|
| പ്രജാനാം | പ്രജകളുടെ |
| വിനയാധാനാത് | വിനയാധാനം |
| രക്ഷണാത് | രക്ഷണം |
| ഭരണാത് | ഭരണം |
| അപി | എന്നിവ കൊണ്ടും |
| സഃ | അദ്ദേഹം |
| പിതാ | പിതാവ് |
| പിതരഃ | പിതാക്കൾ |
| താസാം | അവരുടെ |
| കേവലം | കേവലം |
| ജന്മഹേതവഃ | ജന്മഹേതുക്കൾ |

## അന്വയം/ഗദ്യക്രമം

പ്രജാനാം വിനയാധാനാദ് രക്ഷണാദ് ഭരണാത് അപി സഃ പിതാ (ഭവതി). പിതരഃ താസാം കേവലം ജന്മഹേതവഃ (ഭവന്തി).

## അന്വയാർത്ഥം

പ്രജകളുടെ വിനയാധാനത്താലും രക്ഷണത്താലും ഭരണത്താലും അദ്ദേഹം(ദിലീപമഹാരാജാവ്) പിതാവാകുന്നു, പിതാക്കൾ അവർക്ക് കേവലം ജന്മകാരണങ്ങളാകുന്നു.

## സാരം

ദിലീപമഹാരാജാവിന്റെ സ്വകർത്തവ്യപരിപാലനത്തെ വ്യക്തമാക്കുന്നതിലൂടെ ഒരു രാജാവിന്റെ ധർമ്മമെന്തെന്നുകൂടി ഈ ശ്ലോകത്തിലൂടെ പറയുന്നു. തൻെറ പ്രജകൾക്ക് വിദ്യാഭ്യാസം നൽകുക എന്നതാണ് വിനയാധാനം കൊണ്ട് പറയുന്നത്. വിദ്യാഭ്യാസത്തിലൂടെ വിനയം ആർജിയ്ക്കലാണ് മുഖ്യമെന്ന് സൂചിപ്പിയ്ക്കുന്നു. ശാരീരകവും മാനസികവും ബൗദ്ധികവുമായ രക്ഷണത്തെ രക്ഷണാത് എന്ന പദംകൊണ്ട് പറയുന്നു. രാജാവാകുമ്പോൾ ശത്രുക്കളിൽ നിന്നും മറ്റും രക്ഷിയ്ക്കുക . ഭരണമെന്നാൽ അന്നപാനാദികളിലൂടെ പോഷിപ്പിയ്ക്കുക. ഈ രക്ഷണവും ഭരണവും വിനയാധാനവും അച്ഛനെന്ന പോലെ ഒരു രാജാവിന്റെയും കർത്തവ്യമെന്ന് സഃ പിതാ( അദ്ദേഹം പിതാവാണ് ) എന്നതുകൊണ്ട് പറയുന്നു. ദിലീപമഹാരാജാവ് ഈ മൂന്ന് കാര്യങ്ങളും കൃത്യമായി നിർവ്വഹിയ്ക്കുന്നതുകൊണ്ട് അദ്ദേഹമാണ് യഥാർത്ഥ അച്ഛൻ. ജൈവപരമായ അച്ഛന്മാരെല്ലാം ജനനത്തിന് കാരണകാർ മാത്രം.

(തുടരും)

# തന്ത്രോച്ചയം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

## ഏഴാമാഹ്നികം

**തത്ര ഭുവനജാതസ്യ സമസ്തസ്യ തത്വമാത്രരൂപത്ത്വം സ്വഭാവഃ**
**താനി ച ഷഡ്ത്രിംശദ്വേദ്യഭൂമിപതിതാനി.**

എല്ലാ ഭുവനങ്ങളും തത്വസ്വരൂപത്തോട് കൂടിയതാണ്. ആ തത്വങ്ങളാക

ട്ടെ മുപ്പത്തിയാറെണ്ണവും. അവ വേദ്യം (അറിയപ്പെടുന്നത്) എന്ന വിഭാഗത്തിൽ പെടുന്നതുമാണ്.

**സംവിദ്രൂപം തു സപ്തത്രിംശം.**

സംവിത്ത്അതായത്പൂർണ്ണബോധംഎന്നതാകട്ടെമുപ്പത്തിയേഴാമത്തെ തത്വവുമാണ്.

**തദപ്യപദേശാദൌ വേദ്യമുപചാരേണേതി സർവ്വഥാ യദവേദ്യം സ്വതന്ത്രം തദഷ്ടാത്രിംശം.**

മുപ്പത്തിയേഴാമത്തെ തത്വമായ സംവിത്ത് വരെ വേദ്യം എന്ന അവസ്ഥാ വിശേഷത്തോട് കൂടിയതാണ്. പക്ഷേ ഇവിടെ സംവിത്ത് വേദ്യമാണെന്ന് കേവലം കൽപ്പന മാത്രമാണ്. ഏതു തത്വമാണോ വേദ്യവുമല്ലാതിരിക്കുന്നത് അതാണ് മുപ്പത്തിയെട്ടാമത്തെ തത്വം.

**താന്യേതാനി സർവ്വതത്വാനി സർവ്വസ്ഥിതാനി.**

ഈ മുഴുവൻ തത്വങ്ങളും എല്ലായിടത്തും എല്ലാറ്റിലുമുണ്ട്.

**തഥാ ഹി. ദേഹേ യത്കഠിനം തദ്ധരാ. യദ്ദ്രവം തദാപഃ. യദുഷ്ണം തത്തേജഃ. യത് സ്പന്ദനം തന്മരുത്. യത്സാവകാശം തന്നഭഃ.**

നമ്മുടെ ശരീരത്തിൽ എന്താണോ ഉറഞ്ഞുകൂടിയതായിട്ടുള്ളത് അത് പൃഥിവീ രൂപത്തോട്ടു കൂടിയതാണ്. ഇപ്രകാരം ദ്രവരൂപത്തിലുള്ളത് ജല തത്വമാണ്. ഉഷ്ണസ്വഭാവത്തോട്ടു കൂടിയതെല്ലാം തേജസ്സിന്റെ അംശമാണ്. സ്പന്ദനം വായുവിന്റേയും. അന്തരീക്ഷം ആകാശതത്ത്വത്തിന്റേയും.

**തേഷ്വേവ പഞ്ചസു സുസൂക്ഷ്മരൂപത്വാദനുദ്ഭിന്നവിഭാഗാ ഗന്ധരൂപസ്പർശശബ്ദതന്മാത്രാണി, തദ് ഗ്രാഹീണി പഞ്ചേന്ദ്രിയാണി ഘ്രാണം രസനം ചക്ഷുസ്ത്വക് ശ്രോത്രമിതി നിജനിജവ്യാപാരം കുർവ്വന്തി.**

ഈ പഞ്ചഭൂതങ്ങളിൽ അടങ്ങിയിട്ടുള്ളതും സൂക്ഷ്മരൂപത്തിലുള്ളതും വിഭാഗങ്ങളില്ലാത്തതുമായതാണ് ഗന്ധ,രസ,രൂപ, സ്പർശ, ശബ്ദതന്മാത്രകൾ. ഇപ്പറഞ്ഞ തന്മാത്രകളെ ഗ്രഹിക്കുന്നവയാണ് മൂക്ക്, നാക്ക്, കണ്ണ്, ത്വക്ക്, ചെവി എന്നീ ഇന്ദ്രിയങ്ങൾ. ഈ ഇന്ദ്രിയങ്ങളിൽ മൂക്ക് ഗന്ധതന്മാത്രയേയും, നാക്ക് രസതന്മാത്രയേയും, കണ്ണ് രൂപതന്മാത്രയേയും, ത്വക്ക് സ്പർശതന്മാത്രയേയും, ചെവി ശബ്ദതന്മാത്രയേയും ക്രമത്തിൽ ഗ്രഹിക്കുന്നു.

**പഞ്ചകർമ്മേന്ദ്രിയാണി ദേഹവ്യാപകാനി വിശിഷ്ടേഷു സ്ഥാനേഷു സ്ഫുടാനി.**

പഞ്ചകർമ്മേന്ദ്രിയങ്ങൾ ദേഹം മുഴുവൻ വ്യാപിച്ചിരിക്കുന്നു. പക്ഷേ, അതാത് വിശിഷ്ടങ്ങളായ ഇന്ദ്രിയങ്ങളിലാണ് കൂടുതൽ പ്രകടമാവുന്നത്.

**തദ്യഥാ. വാക് പാണിഃ പാദഃ പായുരുപസ്ഥം ജല്പനം ഗ്രഹണം ഗമനമുത്സർഗ്ഗോ വിസർഗ്ഗ ആനന്ദേന സ്വാത്മാനി വിശ്രമണമി ത്യേഷാമസാധാരണാ വ്യാപാരാഃ.**

അതെങ്ങനെയെന്നാൽ വാക്ക്, പാണി, പാദം, പായു, ഉപസ്ഥം ഇവയുടെ അസാധാരണവ്യാപാരങ്ങളാണ് ജല്പനം, ഗ്രഹണം, ഗമനം, ഉത്സർഗ്ഗം, ആനന്ദത്താൽ തന്നിൽത്തന്നെ വിശ്രമം ഇവയൊക്കെ.

**സങ്കല്പകാരി മനഃ, നിശ്ചയകാരിണീ വികല്പപ്രതിബിംബധാരിണീ ബുദ്ധിഃ, ഏതാവത്യഭിമാനകാര്യഹംകാരഃ. ഏഷാം കാരണം ഗുണാഃ, തേഷാം സാമ്യാവസ്ഥാ പ്രധാനം.**

സങ്കല്പത്തെ ഉണ്ടാക്കുന്നതാണ് മനസ്സ്. ഓരോ അറിവിനേയും ഉറപ്പിക്കു ന്നതും വികല്പങ്ങളുടെ പ്രതിബിംബത്തെ ധരിക്കുന്നതുമാണ് ബുദ്ധി. ഇപ്പറ ഞ്ഞവയിലുള്ളവയിൽ അഭിമാനത്തെ ഉണ്ടാക്കുന്നതാണ് അഹങ്കാരം. മേല്പറ ഞ്ഞ എല്ലാ തത്ത്വങ്ങളും ത്രിഗുണങ്ങളിൽ നിന്നും ഉടലെടുക്കുന്നവയാണ്. ആ ത്രിഗുണങ്ങളുടെ സാമ്യാവസ്ഥയാണ് പ്രധാനം അഥവാ പ്രകൃതി എന്ന തത്വം.

**തദ്വ്യതിരിക്തോ ഭോക്താ പുരുഷഃ.**

ആ പ്രകൃതിയിൽ നിന്നും വേറിട്ടുനിൽക്കുന്നതാണ് പുരുഷതത്വം.

**തസ്യ വിശിഷ്ടവിഷയസക്തിജനകോ രാഗഃ. ക്വചിദ്വിഷയേ യോജനികാ നിയതിഃ. ബുദ്ധിം തത്പ്രതിബിംബിതം ച വസ്തു യയാ പശ്യതി സാസ്യ വിദ്യാ. യയാ കിഞ്ചിത്കരണസമർത്ഥോ ഭവതി സാസ്യ കലാ.**

ആ പുരുഷന് ചില വിഷയങ്ങളോട് മാത്രം പ്രത്യേക ആസക്തി ജനിപ്പി ക്കുന്നതാണ് രാഗം. ചില വിഷയങ്ങളെ ചില വിഷയങ്ങളോട് മാത്രം യോജി പ്പിക്കുന്നവയാണ് നിയതി. വിദ്യ എന്നു പറയുന്നത് ഏതൊന്നിനാലാണോ ബു ദ്ധിയേയും ആ ബുദ്ധിയിൽ പ്രതിബിംബിച്ചിരിക്കുന്ന വസ്തുക്കളേയും കാണുന്നത് അഥവാ തിരിച്ചറിയുന്നത് ആ തത്വമാണ്. ഏതൊന്നുകൊണ്ടാണോ ചില പരിമിതമായ പ്രവൃത്തികൾ മാത്രം ചെയ്യാൻ പുരുഷൻ കെല്പുള്ളവനാകുന്നത് അതാണ് കലാതത്വം.

**യേന ഭൂതഭവിഷ്യദ്വർത്തമാനതയാ സ്വസ്വരൂപമാകലയൻ ഭാവാനപി തഥാകലയതി സോസ്യ കാലഃ.**

ഏതൊന്നിനാലാണോ സ്വസ്വരൂപം ഭൂതം, ഭാവി, വർത്തമാനം എന്നിവ

യുമായി ബന്ധപ്പെടുത്തപ്പെടുന്നത് അതുപോലെത്തന്നെ ബാഹ്യവസ്തുക്കളും, അതാണ് കാലം.

**ഇയതോ വേദ്യകലാപസ്യാദ്യം കാരണം മായാ.**

ഇപ്പറഞ്ഞതുവരേയുള്ള വേദ്യങ്ങൾക്ക് കാരണമായതാണ് മായാ.

**യയാസ്യ പുരുഷസ്യ സ്വരൂപം പ്രകാശയിതും പ്രാരഭ്യതേ സാസ്യ ശുദ്ധവിദ്യാ.**

ഏതൊന്നിനാലാണോ പുരുഷന്റെ സ്വരൂപം പ്രകാശിപ്പിക്കപ്പെടുന്നത് അതാണ് പുരുഷനെ സംബന്ധിച്ച് ശുദ്ധവിദ്യ.

**യസ്യാമവസ്ഥായാം സ്ഫുടാനേതാനർത്ഥാൻ സ്വാത്മന്യഭേദേന പശ്യത്യഹമേതേ പദാർത്ഥാ ഇതി സാസ്യേശ്വരാവസ്ഥാ.**

ഏതൊരവസ്ഥയിലാണോ സ്ഫുടമായ ഈ പ്രാപഞ്ചികവസ്തുക്കളെ തന്റെ ഉള്ളിൽ തന്നിൽ നിന്ന് വേറിട്ടല്ലാത്തതായി പുരുഷൻ കാണുന്നത് അതാണ് ഈശ്വരാവസ്ഥ.

**യസ്യാം തു താനേവാസ്ഫുടീഭൂതാൻ പ്രധ്വംസമാനാനിവാഹമേതേ ഇത്യഭേദേന പശ്യതി സാസ്യ സദാശിവാവസ്ഥാ.**

ഏതൊരവസ്ഥയിലാണോ അസ്ഫുടത മാറി സ്ഫുടമായിക്കൊണ്ടിരിക്കുന്നവയെ ഞാൻ തന്നെയാണ് ഇവയൊക്കെത്തന്നെ എന്ന് വ്യത്യാസമില്ലാതെ കാണുന്നത് അതാണ് പുരുഷന്റെ സദാശിവാവസ്ഥ.

**യയാ സ്വരൂപൈകീഭൂതാംസ്താനസദ്രൂപാൻ സംപന്നാൻ പശ്യതി സാസ്യ ശക്ത്യവസ്ഥാനാശ്രിതശൂന്യാതിശൂന്യാഖ്യാ.**

ഏതൊരവസ്ഥയിലാണോ തന്റേതന്നെ സ്വരൂപമായിരിക്കുന്ന വസ്തുക്കളെ പ്രകടമല്ലാത്തതായി കാണുന്നത് അതാണ് ശക്ത്യവസ്ഥയെയാശ്രയിച്ചിരിക്കുന്ന ശൂന്യാതിശൂന്യാവസ്ഥ.

**യസ്യാം തു സ്വരൂപമേവ ശുദ്ധം ഭാതി സാസ്യ ശിവാവസ്ഥാ.**

അതിൽ ശുദ്ധമായ സ്വരൂപം എപ്പോഴാണോ പ്രകാശിക്കുന്നത് അതാണ് പുരുഷനെ സംബന്ധിച്ച് ശിവാവസ്ഥ.

**യയാ സമഗ്രമേതദ്വൈചിത്ര്യം പരാമൃശ്യതേ സാസ്യ പൂർണ്ണാവസ്ഥേത്യേവം ഷട്ത്രിംശത്തത്വാത്മകത്വം പ്രമാതൃതത്ത്വസ്യ പ്രമേയസ്യാപി തേന സഹ താദാത്മ്യാപത്തൌ പ്രമേയത്വാദിത്യേവം വിശ്വം സർവ്വം സർവ്വതഃ പൂർണ്ണം**

**പശ്യന്നദ്വയ ഏവ ഭാതി.**

ഏതൊന്നിനാലാണോ ഈ കാണുന്ന മുഴുവൻ വൈചിത്ര്യവും പരാമർശിക്കപ്പെടുന്നത് അതാണ് ആ പുരുഷന്റെ പൂർണ്ണാവസ്ഥ. ഇപ്രകാരം പ്രമാതാവിനെ സംബന്ധിക്കുന്ന ഷട്ത്രിംസത്തത്വാത്മകത്വം പറഞ്ഞുകഴിഞ്ഞു. പ്രമേയത്തിനും പ്രമാതൃസംബന്ധം കൊണ്ട് പ്രമേയത്വം സംഭവിക്കുന്നു. ഇപ്രകാരം പ്രപഞ്ചത്തെ മുഴുവൻ പൂർണ്ണമായിക്കണ്ട് അദ്വയനായി ഭവിക്കുന്നു.

**സ്വശക്ത്യാ ച വിശ്വം ഭേദയന്നേകമപി ഘടരൂപം പദാർത്ഥമസംഖ്യഭേദഭിന്നം പശ്യതി.**

അങ്ങനെയുള്ളയാൾ വീണ്ടും സ്വശക്തിയാൽ പ്രപഞ്ചത്തെ പലതായിക്കിയിട്ട് താനുമായി ഒന്നായ ഘടം എന്ന പദാർത്ഥത്തെ അസംഖ്യഭേദഭിന്നമായി കാണുന്നു.

**തദ്യഥാ. ഘടോയം മയാ ജ്ഞാതഃ. ചൈത്രേണ ചക്ഷുഷാ ജ്ഞാതഃ, സോഹമസ്യ ജ്ഞാതഃ, സോപ്യന്യേന ജ്ഞാതഃ, ഏഷോപി സർവ്വൈർ ജ്ഞാതഃ, ഭഗവതാ പരമശിവേന ജ്ഞാതഃ.**

അതിപ്രകാരമാണ്. ഈ ഘടം എന്നാൽ അറിയപ്പെടുന്നു. ചൈത്രനാൽ (ഈ ഘടം) കണ്ണുകളാൽ അറിയപ്പെടുന്നു. അയാൾ എന്നെ അറിയുന്നു. അയാളെ വേറൊരാൾ അറിയുന്നു. ഇവൻ എല്ലാവരാലും അറിയപ്പെടുന്നു. സാക്ഷാൽ പരമശിവനാൽ അറിയപ്പെടുന്നു.

**ഏതേ ച വസ്തുധർമ്മാ ഏവ തഥൈവാർത്ഥ്യമാനത്വാച്ചിത്രാർത്ഥക്രിയാകാരിത്വാച്ച.**

ഇത് വസ്തുധർമ്മങ്ങളാണ് കാരണം അപ്രകാരം അർത്ഥിക്കപ്പെടുന്നതുകൊണ്ടും പലതരം പ്രയോജനങ്ങൾ ഉള്ളതുകൊണ്ടും.

**തസ്മാദാത്മാധീനം ഭേദാഭേദാവഭാസവൈചിത്ര്യം പശ്യന്നാത്മനം സർവ്വോത്തീർണ്ണം സർവ്വാത്മാനം ച പശ്യേത് പരമേശ്വരീഭൂതം.**

അതുകൊണ്ട് പ്രപഞ്ചത്തിലെ മുഴുവൻ വൈചിത്ര്യങ്ങളേയും തന്നിലാണെന്നും തന്നെ എല്ലാറ്റിനുമപ്പുറത്തും എല്ലാറ്റിലുമുള്ളതുമായും കാണണം.

**അതശ്ച**
**ഭൂമ്യാദൌ തത്വജാലേ ന ഹി ഭവതി വപുസ്താദൃശം യത് പ്രമാതുഃ**
**സംവിദ്വിശ്രാന്തിവന്ധ്യം സ്ഫുരതി സ ബഹുധാ മാതൃഭവോസ്യ**
**യസ്മാത്തേനാസ്മിൻ വേദ്യജാലേ ക്രമഗതകലനാം നിർവ്വികല്പാം**
**അഹന്താ-**

**സ്വാതന്ത്ര്യാമർശസാരാം ഭുവമധിവസത പ്രാപ്തത സ്വാത്മസത്താം**
**ഇതി തന്ത്രോച്ചയേ സപ്തമമാഹ്നികം**

ഇപ്രകാരം തന്ത്രോച്ചയത്തിൽ ഏഴാമാഹ്നികം സമാപിച്ചു.

## എട്ടാമാഹ്നികം

**ഏതാവദ്യദുക്തം തത്കസ്യചിത് പ്രമാതുർ ഗുരുവചനം വിനൈവ സ്വയം പ്രകാശതേ. കസ്യചിത് ഗുരുവചസാ. കസ്യചിത് തു ജ്ഞാന യോഗ്യത്വം ന ഭവതി. തഥാപി ചൈവംവിധം സ്വഭ്യസ്തജ്ഞാനമഹി മ്നോ ഗുരോഃ സകാശാദ്ദീക്ഷാമാസാദ്യ മുക്തിം ലഭതേ. ഏതാവതി ച പരമേശ്വരസൈ്യവ സ്വാതന്ത്ര്യം. തഥാ ഹി**

ഇതുവരെ പറഞ്ഞ കാര്യങ്ങൾ ചില ആളുകൾക്ക് ഗുരൂപദേശം (ഗുരുവ ചനം) ഇല്ലാതെ തന്നെ സ്വയം പ്രകാശിക്കുന്നു. എന്നാൽ ചില ആളുകൾക്ക് ഗുരൂപദേശത്തോടെ സംഭവിക്കുന്നു. ചില ആളുകൾ ആ ജ്ഞാനത്തിന് യോഗ്യരേ അല്ല തന്നെ. അവർക്ക് ജ്ഞാനയോഗ്യത്വം സംഭവിക്കുന്നതേ ഇല്ല. അവർ അങ്ങനെയാണെങ്കിൽ പോലും ജ്ഞാനിയായ ഗുരുവിന്റെ കയ്യിൽ നിന്നും ദീക്ഷ സ്വീകരിച്ച് മുക്തിയെ പ്രാപിക്കുന്നു. എന്തായാലും ഇപ്പറ ഞ്ഞതൊക്കെ ശിവന്റെ സ്വാതന്ത്ര്യമാണ്. (അതിനെ സപ്രമാണം സമർത്ഥി ക്കുന്നു)

**യഥാ നിരർഗളോ സ്വാത്മസ്വാതന്ത്ര്യാത് പരമേശ്വരഃ**
**ആച്ഛാദയേത് പരം ധാമ തഥാ വിവൃണുയാദപി**

(എപ്രകാരമാണോ സർവ്വതന്ത്രസ്വതന്ത്രനായ ശിവൻ സ്വസ്വാതന്ത്ര്യവ ശാത് പരമമായ സ്വസ്വരൂപത്തെ മറച്ചുവെക്കുന്നത് അപോലെത്തന്നെ തുറ ന്നുകാണിക്കുകയും ചെയ്യുന്നു)

**അത ഐവാനപേക്ഷക ഏവ വിചിത്രഃ പാരമേശ്വരഃ ശക്തിപാതഃ**
**സ്വാതന്ത്ര്യാദേവ ച ക്വചിത് പരമേശ്വരോ**
**ഗുരുശാസ്ത്രമന്ത്രദീക്ഷാവിഷയഗർഹാക്രാന്തഹൃദയേപി തദനുഷ്ഠാന**
**മതിം ദദാതി യോസൗ തിരോഹിത ഇത്യുച്യതേ.**

അതുകൊണ്ടുതന്നെ പ്രത്യേകിച്ചൊരുകാരണവുമില്ലാതെയും വിചിത്രമാ യും സംഭവിക്കുന്നതാണ് ശിവശക്തിപാതം. ശിവൻ ചിലപ്പോൾ ഗുരു, മന്ത്രം, ദീക്ഷാ തുടങ്ങിയകാര്യങ്ങളെ നിന്ദിക്കുന്ന സ്വഭാവത്തോടു കൂടിയ ആളുക ളിൽപ്പോലും ഇവയൊക്കെ പിന്തുടരാനുള്ള ആഗ്രഹത്തെ ജനിപ്പിക്കുന്നു. അങ്ങനെയുള്ളയാളെയാണ് തിരോഹിതൻ എന്ന് പറയുന്നത്.

**തഥാഹ.**

**അപ്രബുദ്ധോപി വാ ധാമ്നി സ്വസ്മിൻ ബുദ്ധവദാചരേത്.**

**സോപി ച പുനരപി പരമേശ്വരേണാനുഗൃഹ്യേതാപീത്യുക്തം**

**ഭൂയോ ബുദ്ധ്യേത വാ സോയം ശക്തിപാതോനപേക്ഷകഃ**

(അപ്രബുദ്ധനാണെങ്കിലും പ്രബുദ്ധനെപ്പോലെ പെരുമാറിയേക്കാം. അയാൾ പോലും ശിവനാൽ അനുഗ്രഹിക്കപ്പെട്ടേക്കാം. അതിനാൽ ശക്തി പാതമെന്നത് ഗുരുസാപേക്ഷമല്ല)

**ആഹ ച**

**ഏവം യോ ഭഗവച്ഛക്തിപാതേന ദീക്ഷാക്രമേണ ജ്ഞാനയോഗ്യഃ കൃതസ്തം പ്രതി ദീക്ഷാ വക്തവ്യാ. തത്ര ചാദൗ സ്നാനമുദ്ദിഷ്ടം. സ്നാനം ച കാലുഷ്യസ്യാസംവിദ്രൂപതാഭിമാനസ്യ യദാപസനം തദേവ. തദു പയോഗി തു യത്കിഞ്ചിജ്ജലാദിക്ഷാളനം തദപി സംവിന്നൈർമ്മ ല്യലേശഹേതുതയാ ഭവതു സ്നാനം. തദുപയോഗിത്വേനൈവ തത്ര വിധിഃ.**

ഇപ്രകാരം യാതൊരാളാണോ ശിവശക്തിപാതത്താൽ ദീക്ഷകൊണ്ട് ജ്ഞാനപ്രാപ്തിക്ക് യോഗ്യനാക്കിത്തീർക്കപ്പെട്ടത് അയാൾക്കുള്ള ദീക്ഷാപ്ര കാരം പറയപ്പെടേണ്ടതുണ്ട്. ദീക്ഷയിൽ ആദ്യം സ്നാനമാണ് പറയേണ്ടത്. സ്നാനം എന്നു പറഞ്ഞാൽ താൻ ബോധസ്വരൂപനല്ല എന്ന ഉറച്ച ചിന്തയെ ഇല്ലാതാക്കലാണ്. അതിനുപകാരകമായ വെള്ളം കൊണ്ടുള്ള കഴുകൽ സം വിത്തിന്റെ നൈർമ്മല്യലേശമായതിനാൽ കുളിക്കുന്നതും കുഴപ്പമില്ല. ആ തെറ്റായ അഭിമാനത്തെ ഇല്ലാതാക്കുന്നതിന് സഹായകമായതാണ് സ്നാനം.

**ആഹ ച.**

**ഏവം കൃതസ്നാനോ യദേവ ഹൃദയാഹ്ലാദദായി തദേവ യാഗസ്ഥനം ഗച്ഛേത്.**

ഇപ്രകാരം സ്നാനം ചെയ്തിട്ട് പൂജാസ്ഥാനത്തേക്ക് പോകണം. ഏതാണോ മനസ്സിന് സന്തോഷം ഉണ്ടാക്കുന്നത് അതാണ് യാഗസ്ഥാനം, അഥവാ പൂജാ സ്ഥലം.

**തത്ര സ്ഥണ്ഡിലേ മണ്ഡലേ സ്വശക്തിഗുരുദേഹചക്രപ്രാണാന്തരാ ത്മസു വോക്താതിവിസ്തരപൂർണ്ണത്വോത്തീർണ്ണത്വസംവിദ്രൂപത്വതാ ദാത്മ്യഭാവനാത്മകാനുത്തരസംസ്കാരസംസ്കൃതേഷു ദേവതാചക്രം വക്ഷ്യമാണവിധിനാർച്ചയേത്.**

അവിടെ ആ പൂജാസ്ഥാനങ്ങൾ എന്നുപറയുന്നത് സ്ഥണ്ഡിലം, മണ്ഡലം,

സ്വശക്തി, ഗുരുദേഹം, സ്വദേഹം, ചക്രം, പ്രാണൻ, അന്തരാത്മാവ് എന്നിവ യാണ്. ഇപ്പറഞ്ഞ സ്ഥാനങ്ങളിൽ ദേവതാചക്രത്തെ ഇനി പറയാൻ പോകുന്ന വിധിയനുസരിച്ച് പൂജിക്കണം.

**തത്ര ശക്തിത്രയാത്മാ യോസൗ പരമശിവഃ സപ്തത്രിംശോ ഭൈരവ സ്തമുപലംഘ്യ തമാസനപക്ഷീകൃത്യ അഷ്ടാത്രിംശത്തമീ യാസൗ ഭഗവതീ പരസംവിദുക്താ സൈവ ചണ്ഡയോഗീശ്വര്യാത്മികാ വിശ്വഗ്രാസസൃഷ്ടിചക്രവാഹിനീ ദ്വാദശാഭിർമ്മരീചിരൂപാഭിർ ദേവതാഭിഃ സഹ കേവലാ വാ വിശ്വാവിഭേദവൃത്ത്യാ പൂജ്യാ.**

ആ മണ്ഡലത്തിൽ ശക്തിത്രയങ്ങളുടെയും നാഥനും പരമശിവനും മുപ്പ ത്തിയേഴാമത്തെ തത്വവുമായ ഭൈരവനെ ഇരിപ്പിടമാക്കിയിരിക്കുന്ന മുപ്പത്തി യെട്ടാമത്തെ തത്വമായ സംവിത്തിനെ ഭഗവതിയെ, ചണ്ഡയോഗേശ്വരി സ്വ രൂപത്തോട് കൂടിയവളെ പന്ത്രണ്ട് രശ്മികളോട് കൂടിയവളായിട്ടോ അല്ലെങ്കിൽ തനിച്ചോ പ്രപഞ്ചത്തിൽ നിന്ന് ഭിന്നയല്ല എന്ന തിരിച്ചറിവോടെ പൂജിക്കണം.

**പൂജാവിധിസ്ത്വയം ഗുരുവചനഗമ്യോ യോഗിനീഹൃദയവക്ത്രരൂഢഃ.**

യോഗിനീഹൃദയമാകുന്ന വക്ത്രത്തിൽ രൂഢമായ ഈ പൂജാവിധി ഗുരുവ ക്ത്രത്തിൽ നിന്ന് മനസ്സിലാക്കേണ്ടതാണ്.

തുടർന്ന് ഒൻപത് ശ്ലോകങ്ങൾ കൊടുത്തിരിക്കുന്നു. ഇവ വളരെ രഹസ്യ സ്വഭാവത്തോട് കൂടിയതായതിനാൽ ഈ ശ്ലോകങ്ങളുടെ അർത്ഥം കൊടു ക്കുന്നില്ല.

**ശക്തിസ്തദ്വദഭിന്നാ കാര്യസഹോദ്ഭൃതിഹേതുരൂപാ സാ**
**അന്യോന്യോചിതപൂജാപൂജ്യാനന്ദാന്തികത്വലാഭഃ ഫലം**
**നിജനിജഭോഗാഭോഗപ്രവികാസമയസ്വരൂപപരിമർശേ**
**ക്രമശോനുചക്രദേവ്യശ്ചിച്ചക്രേശം ച മധ്യമം യാന്തി**
**അനുചക്രദേവതാത്മകമരീചിസമ്പൂർണ്ണവീര്യമഥ യുഗളം**
**ഉച്ഛലദന്യോന്യോന്മുഖമനുചക്രാണ്യൈക്യേന സമുച്ഛാലയേത്**
**ഇത്ഥം യുഗളകമേതത് ഗളിതാഭിദാസംകഥം യദാ തദൈവ**
**ധ്രുവധാമാനുത്തരചിദ്വിസർഗ്ഗസംഘട്ട ഏഷ പരഃ**
**ശാന്തോദിതം വിസർഗ്ഗദ്വയമസ്മാത് സൂയതേത്ര യേ ദ്വിതയേ**
**അനുസന്ദധതി പ്രാച്യാം സത്താം ചൈതേനവച്ഛിന്നാഃ**
**ഏതത്ത്രിവിസർഗ്ഗാന്തഃപരിമർശവീര്യോപബൃംഹിതമന്ത്രഃ**
**ഏ ഉദിതം വക്ത്രേ കൃത്വാ തത്തൃപ്ത്യാ സിദ്ധിമുക്തിദം ചക്രം**

**മദ്ധ്യസ്ഥനാളഗുംഫിതസരോജയുഗഘട്ടനക്രമാദഗൌ**
**മദ്ധ്യസ്ഥപൂർണ്ണശശധരസുന്ദരദിനകരകലൌഘസംഘട്ടാത്**
**സൃഷ്ട്യാദിക്രമമന്തഃകുർവ്വംസ്ത്വര്യേ സ്ഥിതം ലഭതേ**
**ഏതത് ഖേചരമുദ്രാവേശേന്യോന്യസ്യ ശക്തിശക്തിമതോഃ**
**അവ്യക്തധ്വനിരാവസ്ഫോടശ്രുതിനാദനാദാന്തൈഃ**
**അവ്യുച്ഛിന്നാനാഹതപരമാർത്ഥൈർമ്മന്ത്രവീര്യം തത്**
**ത്യക്താശങ്കോ നിരാചാരോ നാഹമസ്മീതി ഭാവയൻ**
**കർണ്ണാക്ഷിമുഖനാസാദിചക്രസ്ഥം ദേവതാഗണം**
**അന്തഃസ്ഥം ദേവതാചക്രം ഹ്ലാദോദ്വേഗാദിചിഢനേ**
**ഗ്രാഹിതാരം സദാ പശ്യൻ ഖേചര്യാ സിദ്ധ്യതി ധ്രുവം**
**ആര്യാനവകശ്ലോകദ്വിതയാർത്ഥം ശംഭുനാഥമുഖകമലാത് ആപ്തം**
**സമാമനന്തഃ സദ്യഃ സ്യുർഭൈരവാ ഏവ.**

ശംഭുനാഥന്റെ മുഖകമലങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ആര്യാവൃത്തത്തിലുള്ള ഈ ഒൻപത് ശ്ലോകങ്ങളുടെ അർത്ഥം മനസ്സിലാക്കുന്നയാൾ ഉടൻ ഭൈരവനായിത്തീരുന്നു.

**ഏവമാനന്ദകാര്യകാരണൈരേവ പരമേശ്വരീ സർവ്വാവിഭാഗമയീ പൂജ്യാ.**

ഇപ്രകാരം ആനന്ദത്തെ ജനിപ്പിക്കുന്നവയെക്കൊണ്ട് വേണം വിശ്വാത്മകയായ ദേവിയെ പൂജിക്കാൻ.

**ശക്ത്യാത്രൂഢേന ച ജപ്തവ്യം.**

സ്വശക്തിയാൽ ആരൂഢനായിട്ട് വേണം ജപിക്കാൻ.

**അനന്തരം ശിഷ്യം പ്രവേശ്യ**
**അദ്ധ്വാനമാലോച്യ സമസ്തമന്തഃ പൂർണ്ണം സ്വാത്മാനമഥാവലോക്യ**
**പശ്യേത് അനുഗ്രഹധിയാ ദ്വിഷട്കപര്യന്തമേവം സമയീ**
**ശിശുഃ സ്യാത്**

എല്ലാ അദ്ധ്വങ്ങളേയും ഉള്ളിലുള്ളതായിക്കണ്ട് തന്നെ സ്വയം പൂർണ്ണനായിക്കണ്ട് ശിഷ്യനെ അനുഗ്രഹബുദ്ധിയോടെ ദ്വാദശാന്തം വരെ നോക്കണം. ഇപ്രകാരം ചെയ്തുകഴിയുമ്പോൾ ശിഷ്യൻ സമയനായി.

**സമയാശ്ചാസ്യ ദേവഗുരുശാസ്ത്രോപാസനാദയഃ സ്വയമേവ ഹൃദയേ സ്ഫുരേയുഃ, വിതതാശ്ച വിതതാദവലേക്യാഃ. ഇത്യേഷാ മന്ത്രദേവതാസംപത്തിപ്രദാ സമയീ ദീക്ഷാ.**

ഈ ശിഷ്യനെ സംബന്ധിച്ച് തുടർന്നുപാലിക്കേണ്ടതായ ദേവ, ഗുരു, ശാസ്ത്രോപാസനാദി നിയമങ്ങൾ സ്വയം തന്നെ ഹൃദയത്തിൽ സ്ഫുരിക്കും. അവ വിസ്തരിച്ച് അറിയണമെങ്കിൽ ആഗമാദികൾ നോക്കണം. ഇതാണ് മന്ത്രദേവതാജ്ഞാനമുണ്ടാക്കുന്നതായ സമയദീക്ഷാ.

**പുത്രകദീക്ഷാ തു ദേഹാന്തേപവർഗ്ഗദായിനീ. തത്ര വിധിഃ**

പുത്രകദീക്ഷയുടെ ഫലം മരണാനന്തരമുള്ള മോക്ഷമാണ്. അതിന്റെ വിധി ഇപ്രകാരമാണ്.

**അന്തഃസമസ്താദ്ധ്വമയീം സ്വസത്താം ബഹിശ്ച സന്ധായ**
**വിഭേദശൂന്യഃ**
**ശിഷ്യസ്യ ധീപ്രാണതന്വർന്നിജാസു താസ്വേകതാം സംഗമയേത്**
**പ്രബുദ്ധഃ**
**ശിഷ്യൈകീഭാവം ഝടിതി പ്രപദ്യ തസ്മിന്മഹാനന്ദവിബോധ**
**പൂർണ്ണേ**
**യാവത്സ വിശ്രാമ്യതി താവദേവ ശിവാത്മഭാവം പശുരഭ്യുപൈതി**

തന്റെ ഉള്ളിലും പുറത്തുമായി സമസ്ത അദ്ധ്വങ്ങളേയും ധ്യാനിച്ച് അകം പുറം ഭേദമില്ലാത്തവനായി ശിഷ്യന്റെ ബുദ്ധി, പ്രാണൻ, ശരീരം ഇവ തന്റെയുള്ളിലാക്കി ശിഷ്യനുമായി ഏകീഭാവം പ്രാപിച്ച് ആ മഹാനന്ദത്തിൽ എത്രകാലമിരിക്കുന്നുവോ അത്രയും കാലം ശിഷ്യൻ ശിവഭാവത്തെ പ്രാപിക്കുന്നു.

**ആഹ ച ...**
**ആസന്നമൃത്യോരപി ശക്തിപാതാദേവമേവ ദീക്ഷാം കുര്യാത്**

ആസന്നമരണനായ ഒരാൾക്കും ശക്തിപാതമുള്ളവനാണെങ്കിൽ ഇപ്രകാരം ദീക്ഷകൊടുക്കണം.

**അത ഏവ പരോക്ഷസ്യ ജീവതോപ്യനുസന്ധിബലാദേവ ദീക്ഷാം**
**കുര്യാത്. മൃതസ്യ ജാലപ്രയോഗക്രമേണ തദ്വിധിഃ**

അകലെയുള്ള ഒരാളാണെങ്കിൽ അയാൾക്ക് അനുസന്ധാനബലം അഥവാ ഭാവനകൊണ്ട് ദീക്ഷ കൊടുക്കണം. മരിച്ചുപോയ ഒരാൾക്കും ദീക്ഷ കൊടുക്കാം. അങ്ങനെയുള്ള ഒരാൾക്ക് ജാലപ്രയോഗത്തിലൂടെ ദീക്ഷ കൊടുക്കണം. അതിനുള്ള വിധി താഴെപ്പറയുന്നു.

(തുടരും)

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (21)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ഡോ. ദാമോദർ നാരായണൻ സി.എൻ.

(കഴിഞ്ഞ ലക്കം തുടർച്ച)

തദിയതഃ സർവ്വസ്യ സങ്കോചാവഭാസപരിത്യാഗാദാഗമപ്രസിദ്ധ്യാ നരരൂപസ്യ ശാക്തരൂപോപാരോഹം മന്ത്രസമ്പ്രദായം കടാക്ഷയൻ അഭിദധാതി.

**43. തദ്ബ്രഹ്മ പരം ശുദ്ധം ശാന്തമഭേദാത്മകം സമം സകളം.**
**അമൃതം സത്യം ശക്തൌ വിശ്രാമ്യതി ഭാസ്വരൂപായാം.**

**സാരം**- ഇപ്രകാരമുള്ള എല്ലാത്തിന്റെയും സങ്കുചിതാവസ്ഥയെ ത്യജിക്കുന്നതിനാൽ ആഗമത്തിൽ പ്രസിദ്ധമായുള്ള മനുഷ്യരൂപിയായുള്ള ജീവന്റെ ശാക്തരൂപത്തിലേക്കു കടക്കുന്നതിനായുള്ള മന്ത്രസമ്പ്രദായത്തെ പരാമർശിക്കുന്നു.

ആ ബ്രഹ്മം പരവും ശുദ്ധവും ശാന്തവും അഭേദാത്മകവും സമവും സകളവും അമൃതവും സത്യവും പ്രകാശസ്വരൂപിയായ ശക്തിയിൽ വിശ്രമിക്കുന്നതുമാണ്.

**വിവൃതി**- തത് ഏതത് സത്താമാത്രാത്മകം സർവ്വം ബൃഹത്ത്വാത് ബ്രഹ്മ. യദാഹുഃ ശ്രുത്യന്തവിദഃ.

സദേവേദം സോമ്യ അഗ്ര ആസീത്.

ഇതി പൂർണ്ണത്ത്വാത് **പരം** ഹേയോപാദേയാഭാവാത് **ശുദ്ധം** പൃഥക്ത്വോപശമാത് **ശാന്തം** അത ഏവ **അഭേദാത്മകം** പ്രകർഷാപകർഷാഭാവാത് **സമം.**

പ്രദേശോऽപി ബ്രഹ്മണഃ സാർവ്വരൂപ്യമനതിക്രാന്തശ്ചാവികല്പ്യശ്ച.

ഇതി സ്ഥിത്വാ സകലം അത ഏവ **അമൃതം** അവിനാശി.

സത്യാസത്യൌ തു യൌ ഭാഗൌ പ്രതിഭാവം വ്യവസ്ഥിതൌ.

സത്യം യത്തത്ര യാ ജാതിരസത്യാ വ്യക്തയഃ സ്ഥിതാഃ. ഇതി.

യദാദൌ ച യദന്തേ ച യന്മദ്ധ്യേ തസ്യ സത്യതാ. ഇതി

ഭവദ്ഭർത്തൃഹരിനിരൂപിതനീത്യാ **സത്യം** തദേവ സത്താമാത്രാത്മകമേ തത് സർവ്വം ഭാസ്വരൂപായാം ഇച്ഛാജ്ഞാനക്രിയാശക്തിസാമരസ്യാത്മികാ യാം പരസ്യാം ശക്തൌ വിശ്രാമ്യതി. സംവിന്നിഷ്ഠാ വിഷയവ്യവസ്ഥിതിഃ. ഇതി സ്ഥിത്യാ തന്മയീഭവതീതി.

അഥ ച **ശാന്തം** ശകാരസ്യാന്തേ യന്മൂർദ്ധന്യരൂപം തതഃ പരം യത് **അമൃതം** അമൃതബീജാത്മകം **ബ്രഹ്മ** സന്മാത്രാത്മകം സദാഖ്യപദസ്പർശാത് **ശുദ്ധം** അത ഏവാഹമിദം സർവ്വമിതി സർവ്വസമരസീകരണാത് **സമം സകലം** ചാതശ്ചാഖ്യാതിഗലനാത് സത്യം. യദാദിഷ്ടം ഭഗവതാ-

തൃതീയം ബ്രഹ്മ സുശ്രോണി..

ഇതി ശ്രീത്രിംശികായാം തദിദമമൃതീഭാവാവമൃഷ്ടം സദാശിവപദോപാരൂഢമേതദ്വിശ്വാത്മകം ബ്രഹ്മ പ്രാഗുക്തായാം ശക്തൌ വിശ്രാമ്യതി.

**പരിഭാഷ**- അത് സത്താരൂപം മാത്രമായിരിക്കുന്നതിനാലും നിരന്തരം ബൃഹത്തായതിനാലും ബ്രഹ്മമാകുന്നു. വേദാന്തജ്ഞാനികൾ ഇങ്ങനെ പറയുന്നു.

അല്ലയോ സോമ്യാ ഈ ജഗത്ത് ആദ്യമേ സത്ത് ആയിരുന്നു. (ഛാന്ദോഗ്യോപനിഷദ്-6-2-9).

ഇപ്രകാരം പൂർണ്ണത്ത്വമായതിനാൽ പരവും, തള്ളാനും കൊള്ളാനും ഒന്നുമില്ലാത്തതിനാൽ ശുദ്ധവും, തന്നിൽ നിന്നും വ്യത്യസ്തമായി ഒന്നുമില്ലാത്തതിനാൽ ശാന്തവും അതിനാൽ തന്നെ അഭേദവും ഉയർന്നതും താണതുമില്ലാത്തതിനാൽ സമവുമാകുന്നു.

ബ്രഹ്മത്തിന്റെ ഏതൊരു ഭാഗവും സർവ്വരൂപവും അതിനു മുകളിലായി ആരുമില്ലാത്തതും വികല്പങ്ങളില്ലാത്തതുമാണ്.

ഇതനുസരിച്ച് ബ്രഹ്മം സകലമായതും അതു കൊണ്ടു തന്നെ അമൃതവും അഥവാ നാശമില്ലാത്തതുമാണ്.

ഈ ലോകത്തിലെ എല്ലാ വസ്തുക്കളിലും സത്യം അസത്യം എന്നീ രണ്ടു വസ്തുക്കൾ അടങ്ങിയിരിക്കുന്നു. സത്യം എന്നത് ജാതിയും അസത്യം വ്യക്തികളുമാകുന്നു.

എന്താണോ ആദ്യത്തിലും മദ്ധ്യത്തിലും അന്തത്തിലുമുള്ളത് അത് സത്യമാകുന്നു.

ശ്രീഭർത്തൃഹരിയുടെ ഈ രീതിയനുസരിച്ച് സത്താമാത്രമായതും സത്യവുമായ ആ ബ്രഹ്മം പ്രകാശസ്വരൂപിണിയായതും ഇച്ഛാജ്ഞാനക്രിയാസ്വരൂപിണിയായതുമായ പരാശക്തിയിൽ വിശ്രമിക്കുന്നു.

വിഷയങ്ങളുടെ സ്ഥിതി ആ പരമമായതിലാകുന്നു. ആ അവസ്ഥയിൽ

തന്മയീഭവിക്കുന്നു.

മന്ത്രസമ്പ്രദായപ്രകാരം വ്യാഖ്യാനിക്കുന്നു.

ശാന്തം എന്നതിന് ശകാരത്തിന്റെ അന്തത്തിൽ യാതൊരു മൂർദ്ധന്യരൂപമാണോ ഉള്ളത്, അതിനു മുകളിൽ യാതൊരു അമൃതബീജസ്വരൂപമാണോ ഉള്ളത് യാതൊരു ബ്രഹ്മമാണോ സദ്രൂപവും സദാശിവതത്ത്വത്തിന്റെ സ്പർശകാരണം കൊണ്ട് ശുദ്ധമായിരിക്കുന്നത്, ആ കാരണം കൊണ്ടു തന്നെ താൻ തന്നെയാണ് ഇതു മുഴുവനെന്ന സമരസീകരണം മൂലം സമവും സകലവും (എല്ലാം ചേർന്നതും) അഖ്യാതികളുടെ സാന്നിദ്ധ്യമില്ലാത്തതിനാൽ സത്യവുമാകുന്നു.

ശ്രീപരാത്രിംശികയിൽ ഇപ്രകാരം പറയുന്നു-

അല്ലയോ മനോഹരമായ നിതംബത്തോടു കൂടിയവളേ മൂന്നാമത്തേതു ബ്രഹ്മമാകുന്നു[1].

അമൃതഭാവത്തോടു കൂടിയ സദാശിവപദത്തിങ്കൽ ആരൂഢനായ വിശ്വാത്മകമായ ഈ ബ്രഹ്മം മുൻപു വർണ്ണിച്ചതായ ശക്തിയിൽ വിശ്രമിക്കുന്നു.

ക്രിയാജ്ഞാനേച്ഛാമുഖേന പരശക്തൌ യന്ന വിശ്രാമ്യതി തന്ന കിഞ്ചിദിത്യാഹ.

**44. ഇഷ്യത ഇതി വേദ്യത ഇതി സംപാദ്യത ഇതി ച ഭാസ്വരൂപേണ**
**അപരാമൃഷ്ടം യദപി തു നഭഃ പ്രസൂനത്ത്വമഭ്യേതി.**

**സാരം**- ക്രിയാ, ജ്ഞാനം ഇച്ഛാ, എന്നിവയിലൂടെ പരശക്തിയിൽ വിശ്രമിക്കാത്തത് ഒന്നുമില്ലെന്നു പ്രസ്താവിക്കുന്നു.

ഇഷ്ടപ്പെടുന്നു, അറിയപ്പെടുന്നു, ചെയ്യപ്പെടുന്നു (ഇച്ഛാ, ജ്ഞാനം, ക്രിയാ) എന്നിങ്ങനെയുള്ള പ്രകാശസ്വരൂപത്തിലൂടെ നിലനില്ക്കപ്പെടാത്തതെല്ലാം ആകാശകുസുമം പോലെയാകുന്നു. (നിലനില്പ് ഇല്ലാത്തതാകുന്നു).

**വിവൃതി**- യദ്വസ്തു വസ്തുവൃത്തേന ബഹിർവിദ്യമാനപി തദ്യദീച്ഛാജ്ഞാനക്രിയാമുഖേന ഭാസ്വരേണൈതച്ഛക്തിത്രയസാമരസ്യാത്മകപരാശക്തിസ്ഫാരമയേന ബോധേന ന പരാമൃഷ്ടം തത് പ്രഖ്യോപാഖ്യാവികലം ഗഗനപുഷ്പതുല്യം. അനനേ ച സദ്വ്യത്യൂർദ്ധ്വവൃത്തിത്രിശൂലാത്മകവൃത്തിവീര്യം സൂചിതം.

**പരിഭാഷ**- ഏതൊരു വസ്തുവാണോ വസ്തുതാപരമായി പുറമെ നിലനില്ക്കുന്നുണ്ടെങ്കിലും ഇച്ഛാ, ജ്ഞാനം ക്രിയാ എന്നീ മൂന്നുകളെക്കൊണ്ടും പ്രകാ

---

1. മുപ്പത്തിയാറു തത്ത്വങ്ങളിൽ മൂന്നാമത്തെ തത്ത്വമാണ് സദാശിവൻ. അതിനെയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്.

ശിപ്പിക്കപ്പെട്ടില്ലെങ്കിൽ അഥവാ ഈ മൂന്നു ശക്തികളുടെയും സാമരസ്യം കൊണ്ടുണ്ടാകുന്ന പരാശക്തിയുടെ ബോധത്താൽ സ്പർശിക്കപ്പെട്ടില്ലെങ്കിൽ അത് പ്രഖ്യാ ഉപാഖ്യാ[2] എന്നിവകളോടു കൂടാത്ത ആകാശകുസുമം പോലെയാകുന്നു. ഇതിനാൽ സദ്വൃത്തി ഊർദ്ധ്വവൃത്തി ത്രിശൂലാത്മകവൃത്തി എന്നിവയെപ്പറ്റി സൂചിപ്പിച്ചു.[3]

ഏതച്ഛാക്തപദാവേശമസ്യാനുവദൻ ശാംഭവസമാപത്ത്യാ തന്മയീഭാവമാവിർഭാവയതി.

**45. ശക്തിത്രിശൂലപരിഗമയോഗേന സമസ്തമപി പരമേശേ.**
**ശിവനാമനി പരമാർത്ഥേ വിസൃജ്യതേ ദേവദേവേന.**

**സാരം-** പരമമായതിന്റെ ഈ ശാക്തപദാവേശത്തെ പരാമർശിച്ചുകൊണ്ട് ശാംഭവപദത്തിന്റെ സമാപത്തിയിലൂടെ തന്മയീഭാവത്തെ പറയുന്നു.

ഇച്ഛാജ്ഞാനക്രിയാശക്തികളാകുന്ന ത്രിശൂലത്തിന്റെ കൂടിച്ചേരലിലൂടെ ദേവന്മാരുടെ ദേവനാൽ എല്ലാ വസ്തുക്കളും പരമേശനായുള്ള ശിവനെന്നു പേരായ പരമാർത്ഥത്തിൽ ലയിപ്പിക്കപ്പെടുന്നു.

**വിവൃതി-** തദിത്ഥം **സമസ്തമപി** ഏതത്സത്താമാത്രരൂപത്ത്വാത് പ്രോക്തബ്രഹ്മപരമാർത്ഥം **ശക്തിത്രിശൂലപരിഗമയോഗേന** നിർണ്ണീതയുക്ത്യാ പരാശക്തിസമാപത്തിക്രമേണ **ശിവനാമനി പരമാർത്ഥേ** അനവച്ഛിന്നചിദാനന്ദൈകഘനേ പരമേശ്വരേ സ്വസ്മിൻ സ്വഭാവേ **വിസൃജ്യതേ.** അന്തർമ്മുഖവിമർശനപ്രകർഷാത് തത്സമാവേശേന തന്മയീഭാവമാപാദ്യതേ ദേവാനാം ബ്രഹ്മാദിസദാശിവാന്താനാം സർവ്വപ്രകാശാനാമിന്ദ്രിയാണാം ച ദേവേന പ്രഭുണാ പരമശിവേനൈവ നഹ്യത്രാന്യസ്യ കസ്യചിത് കർത്തൃത്ത്വം ഘടതേ. നാപ്യേതദ്വ്യതിരിക്തോഽന്യഃ കശ്ചിത് പ്രമാതാസ്ത്യൈവ ച ഭഗവതസ്തത്തദ്ഭൂമികാധിരോഹിണഃ തത്തദ്രുദ്രക്ഷേത്രജ്ഞാദിപ്രമാതൃരൂപതയാ സ്ഫുരണമിതി **ദേവദേവേന** ഇതി യുക്തൈവോക്തിഃ. തദിത്ഥം വിസർഗ്ഗവൃത്തിർദ്ദർശിതാ.

**പരിഭാഷ-** ഇപ്രകാരം എല്ലാത്തിന്റെയും എന്നു വച്ചാൽ സത്താമാത്രരൂപമാണെന്ന് പറയപ്പെട്ട പരമാർത്ഥസ്വരൂപമായ ബ്രഹ്മത്തിന്റെ ശക്തിത്രിശൂലങ്ങളോടു കൂടിയുള്ള ചേർച്ചയിലൂടെ അഥവാ പരാശക്തിയിൽ സമാവേശിക്കുന്ന ക്രമത്താൽ ശിവനെന്നു പേരായ പരമാർത്ഥത്തിൽ അനവച്ഛിന്നമായ ചിദാനന്ദഘനമായ പരമേശ്വരനിൽ സ്വസ്വഭാവത്തിൽ വിശേഷേണ സൃഷ്ടി

2. ജ്ഞാനം, അതിൻറെ പ്രകടനം എന്നതാണ് പ്രഖ്യാ, ഉപാഖ്യാ.

3. ഇച്ഛാ, ജ്ഞാനം ക്രിയാ എന്നിവയെ ത്രിശൂലമെന്ന പേരിൽ അറിയപ്പെടുന്നു. അതിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്.

ക്കപ്പെടുന്നു. അന്തർമ്മുഖമായ വിമർശത്തിന്റെ ആധിക്യം കൊണ്ട് അതിന്റെ ആവേശം കൊണ്ട് തന്മയീഭാവത്തെ പ്രാപിക്കുന്നു. ദേവന്മാരുടെ അതായത് ബ്രഹ്മാവ് തുടങ്ങി സദാശിവൻ വരെയുള്ള ദേവന്മാരുടെയും എല്ലാത്തിനെയും പ്രകാശിപ്പിക്കുന്ന ഇന്ദ്രിയങ്ങളുടെയും ദേവൻ അഥവാ പരമശിവൻ. ഇവിടെ വേറാർക്കും യാതൊന്നും ചെയ്യാനില്ല. ഇതിൽ നിന്നും ഭിന്നനായി വേറെ യാതൊരു പ്രമാതാവുമില്ല. ഈ ഭഗവാൻ തന്നെ വിവിധ ഭൂമികകളിലേറി രുദ്രൻ ക്ഷേത്രജ്ഞൻ എന്നീ പ്രമാതാക്കളുടെ രൂപത്തിൽ പ്രകാശിക്കുന്നു എന്നതിനാൽ ദേവദേവനാൽ എന്ന വിശേഷണം യുക്തം തന്നെ. ഇപ്രകാരം വിശേഷമായ സൃഷ്ടിയെ പറഞ്ഞു.

ഏവമിയതാ ഭേദാത്മനോ നരരൂപസ്യ ജഗതോ ഭേദാഭേദാത്മകശാക്തപദാധ്യാരോഹേണ അഭിന്നചിദ്ഘനശിവസാമരസ്യാപത്തിം ഉപസംഹാരദൃശാ പ്രദർശ്യേദാനീം ചിദേകഘനഃ ശിവ ഏവ ശക്തിരൂപതയോല്ലാസ്യ നരാത്മകവിശ്വരൂപതയാ സ്ഫുരതി ന തു ശിവവ്യതിരിക്തം ശക്തിനരയോഃ കിമപി രൂപം ശിവ ഏവ ത്വിത്ഥം നിജരസാശ്യാനതയാ സ്ഫുരതീതി പ്രസരയുക്തിം മഹാമന്ത്രസ്ഫാരമയീം ദർശയതി.

**46. പുനരപി ച പഞ്ചശക്തിപ്രസരണക്രമേണ ബഹിരപി തത്.**
**അണ്ഡത്രയം വിചിത്രം സൃഷ്ടം ബഹിരാത്മലാഭേന.**

**സാരം**- ഇതുവരെ ഭേദാത്മകമായതും നരരൂപമായതുമായ ജഗത്തിന്റെ ഭേദാഭേദാത്മകമായ ശാക്തപദാരോഹണം കാരണം അഭിന്നമായതും ചിദ്ഘനമായതുമായ ശിവനോടു സാമരസ്യം ഉപസംഹാരരൂപത്തിൽ പരാമർശിച്ചു. ചിദേകഘനനായ ശിവൻ തന്നെ ശക്തിരൂപത്തിൽ വിലസിച്ചിട്ട് നരാത്മകമായ വിശ്വത്തിന്റെ രൂപത്തിൽ പ്രകാശിക്കുകയാണ്. അല്ലാതെ ശിവനിൽ നിന്നും വ്യതിരിക്തമായി ശക്തിക്കോ ജീവനോ രൂപമൊന്നുമില്ല. ശിവൻ തന്നെയാണ് ഇപ്രകാരം തന്റെ രസത്തിലൂടെ സ്ഫുരിക്കുന്നതെന്ന് മഹാമന്ത്രരൂപേണ കാണിക്കുന്നു.

വീണ്ടും പഞ്ചശക്തികളുടെ പ്രസരണക്രമത്താൽ വിചിത്രമായ അണ്ഡത്രയംകൊണ്ട് ആത്മലാഭത്തിനു വേണ്ടി പുറത്ത് സൃഷ്ടി നടത്തുന്നു.

**വിവൃതി**-ചിദാനന്ദേച്ഛാജ്ഞാനക്രിയാഖ്യശക്തിപഞ്ചകസാമരസ്യാത്മായഃ പരമശിവസ്തേന ചിദാദിശക്തിപ്രാധാന്യപ്രഥനാത്മകശിവശക്തിസദാശിവേശ്വര-ശുദ്ധവിദ്യാഖ്യഭൂമികോന്മീലനയുക്ത്യാ തദണ്ഡത്രയം വിചിത്രം ഇതി തത്തദ്ഭുവനാദിരൂപം സൃഷ്ടം ബഹിരാത്മലാഭേന ഇതി ബാഹ്യാഭാസാത്മതയാ സ്വാത്മനഃ പ്രദർശനേന. പുനരപി ഇത്യനേനേതദ്ദർശയതി യത് പരമശിവ ഏവ സ്വതന്ത്രഃ സദാ സ്വഭിത്തൌ വിശ്വപ്രപഞ്ചോല്ലാസനവിലാപനക്രീഡാം സ്വാത്മാനതിരിക്താമപി അതിരിക്താമിവാദർശയന്നേവമിത്ഥം

സ്ഥിതോ ന തു തദ്വ്യതിരിക്തം കിമപ്യസ്തീതി.

**പരിഭാഷ**- ചിത്ത്, ആനന്ദം. ഇച്ഛാ, ജ്ഞാനം ക്രിയാ എന്നിങ്ങനെയുള്ള അഞ്ചു ശക്തികളുടെ സാമരസ്യമാണ് പരമശിവസ്വരൂപം. അതു തന്നെ ചിത്ത് തുടങ്ങി അഞ്ചു ശക്തികളെ പ്രകാശിപ്പിക്കുന്ന ശിവൻ, ശക്തി, സദാ ശിവൻ, ഈശ്വരൻ, ശുദ്ധവിദ്യാ എന്നിങ്ങനെ ഉന്മീലനം ചെയ്തിട്ട് മൂന്നു വിചി ത്രമായ അണ്ഡങ്ങളിലൂടെ ഭുവനാദികളുടെ സൃഷ്ടി തന്റെ സ്വരൂപത്തെ ബാ ഹ്യമായി പ്രകാശിപ്പിക്കാനായി ചെയ്യുന്നു. വീണ്ടും (പുനരപി) എന്നതു കൊണ്ട് പരമശിവൻ തന്നെ സ്വതന്ത്രനായി സദാ തന്നിൽ വിശ്വപ്രപഞ്ചത്തെ സൃഷ്ടി ക്കുക, സംഹരിക്കുക എന്നിങ്ങനെയുള്ള ക്രീഡയെ തന്നിൽ നിന്നും ഭിന്നമല്ലാ തിരുന്നിട്ടു കൂടി ഭിന്നമായതുപോലെ കാണപ്പെട്ടിട്ടും അതിൽ നിന്നും വേറെയായി യാതൊന്നും സ്ഥിതി ചെയ്യുന്നില്ല.

(തുടരും)

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (13)

ഡോ. മുരളീകൃഷ്ണൻ എം.വി.

(കഴിഞ്ഞ ലക്കം തുടർച്ച)

**സ്തുതി**- 33

**വിസ്രബ്ധം വിലസത്യപസ്കൃതപദന്യാസാ വിലാസാലസാ**
**സാഹങ്കാരമകാരണാരിഭിരദിധ്യാതാഭിജാതാകൃതിഃ**
**ക്ഷിപ്താ ദൃപ്തനൃപാന്ധകൂപകുഹരേ ദാശൈരിവാശാഗ്രഹൈ-**
**ർഗ്രസ്തൈഃ സൂക്തിനിഭേന താരകരുണം ഗൗരീദൃശീ രോദിതി**

**അർത്ഥം**- എപ്രകാരമാണോ 'ആ പുരുഷൻ എന്നെ സമ്യക്കാകുംവണ്ണം രക്ഷിച്ച് എന്നെ ഉചിതമായ സ്ഥാനത്ത് എത്തിക്കുന്നു' എന്ന വിശ്വാസത്തിൽ സന്തോഷവാനായി വിരാജിച്ച്, സുന്ദര പാദങ്ങളോടു കൂടിയതും ശോഭയോടു കൂടിയതും മനോഹരമായ ആകാരത്തോടു കൂടിയതും കാമധേനു കുലത്തിൽ ഉണ്ടായതുമായ ആ പശു പെട്ടെന്ന് അകാരണമായ വൈരത്താൽ വനവാ സികളോടു കൂടി അഹങ്കാരത്താൽ ഇരുട്ടു നിറഞ്ഞ കുഴിയിൽ വീണ് അവ ദീ നാർത്തരായി ഉച്ചത്തിൽ കരയുന്നത്. ഇപ്രകാരം തന്നെ 'ആ പുരുഷൻ എന്നെ സമ്യക്കാകുംവണ്ണം രക്ഷിച്ച് എന്നെ ഉചിതമായ സ്ഥാനത്ത് എത്തി ക്കും' ഇങ്ങനെയുള്ള വിശ്വാസത്താൽ സന്തോഷിച്ച് ഉല്ലസിക്കുകയും ശബ്ദാല

ങ്കാര അർത്ഥാലങ്കാര യുക്തമായ പദങ്ങളാൽ ( സുബന്തം തിങ്ങന്തം) വിന്യസിച്ച് ശോഭിച്ചിരിക്കുന്നതും പുതിയ പുതിയ മനോഹരങ്ങളായ രചനകളാൽ പൂർണമായതും സുകുമാരനും കുലീനമായ ആകൃതിയോടു കൂടിയതും പെട്ടെന്ന് അകാരണമായ വൈരാഗ്യത്താൽ വിദ്വേഷത്താൽ അഹങ്കാരത്തോടു കൂടിയ ചിന്തകളോടു കൂടിയതും പണമോഹികളും അഹങ്കാരികളുമായ ആ കുകവികളുടെ (മോശം കവികൾ) വാണി അഹങ്കാരദൂഷിതരായ രാജാക്കന്മാരുടെ മുഖരൂപിയായ അന്ധകൂപത്തിൽ വീണ് പ്രൗഢങ്ങളായ വ്യാജങ്ങളായ ഉക്തികളാൽ ദീനാർത്തരായി ഉച്ചത്തിൽ കരയുന്നു.

സ്തുതി- 34

**ഉഷ്ണം നിഃശ്വസിതി ക്ഷിതിം വിലിഖതി പ്രസ്തൗതി ന പ്രേയസഃ**
**പ്രീതിം സൂക്തിഭിരീശിതുഃ കരതലേ ധത്തേ കപോലസ്ഥലം**
**വാഗ്ദേവീ ഹൃദയജ്വരേണ ഗുരുണാ ക്രാന്താ ഹതാശൈർവൃഥാ**
**നീതാവിഷ്കൃതകോപനിഷ്കൃപനൃപസ്തോത്രൃപാപാത്രതാം**

**അർത്ഥം**- കുകവികൾ സരസ്വതിയെ കയ്യിൽ എടുത്ത് രാജാക്കന്മാരെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. അവർ സ്വഭാവത്തിൽ തന്നെ ദേഷ്യശാലികളും നിർദയരുമാണ്. സാധുവായ സരസ്വതിയുടെ ഹൃദയം ഇത്തരത്തിൽ തന്നെ ആക്ഷേപിച്ച കാരണത്താൽ ലജ്ജിതയായി കത്തുകയാണ്, അതുപോലെ സരസ്വതി ദുഃഖിതയായ കാരണത്താൽ ചൂടുള്ള ശ്വാസത്തെ പുറത്തുവിട്ട്കൊണ്ട് ഭൂമിയിൽ എഴുതിക്കൊണ്ടിരിക്കുന്നു. അപ്രകാരം കുകവികളുടെ സൂക്തികൾ തന്റെ പ്രിയപ്പെട്ട സ്വാമിയായ പരമേശ്വരനെ പ്രീതിപ്പെടുത്താൻ കഴിയാതെ നെറ്റിത്തടത്തിൽ കൈ കൊടുത്ത് ഇരിക്കുന്നു. ( ഇതുകൊണ്ടാണ് കവികൾ പ്രാകൃതരായ ക്ഷുദ്രപുരുഷന്മാരെ പ്രകീർത്തിച്ചുള്ള ഗാനങ്ങൾ പാടാതെ പരമേശ്വരന്റെ ഗുണങ്ങളെ കുറിച്ചുള്ള ഗാനരചനകളാൽ തന്റെ വാണിയെ ധന്യനാക്കുന്നത്).

സ്തുതി- 35

**അസ്ഥാനേ ഗമിതാ ലയം ഹതധിയാം വാഗ്ദേവതാ കല്പതേ**
**ധിക്കാരായ പരാഭവായ മഹതേ താപായ പാപായ വാ**
**സ്ഥാനേ തു വ്യയിതാ സതാം പ്രഭവതി പ്രഖ്യാതയേ ഭൂതയേ**
**ചേതോനിർവൃതയേ പരോപകൃതയേ പ്രാന്തേ ശിവാവാപ്തയേ**

**അർത്ഥം**- ധനാർത്തികളും ഹതബുദ്ധികളുമായ കുത്സിത കവികൾ, കുത്സിത സ്ഥാനത്തിരിക്കുന്ന അതായത് ഈശ്വരപാദാരവിന്ദങ്ങളോട് വിമുഖതയുള്ളവരെ പ്രശംസിച്ചതിനാൽ നഷ്ടമായ വാണി, കേവലം ആ കുകവികളെ തിരസ്കരിക്കുന്നതിനും പശ്ചാത്താപം നൽകുന്നതിനും സമർത്ഥമാണ്.

എന്തെന്നാൽ ആ വാണി സുകവികൾക്ക് സുന്ദരസ്ഥാനത്തിരിക്കുന്നവരേയും ഗുരുഭക്തിയുള്ളവരേയും കൃതജ്ഞതയുള്ളവരേയും സരളരേയും സഹൃദയരേയും കൂടാതെ എല്ലായ്പ്പോഴും ഈശ്വരപാദാരവിന്ദങ്ങളിൽ അഭയം പ്രാപിച്ചവരുമായ ഭാവുകരായ ജനങ്ങൾക്ക് ഉപദേശത്തെ നൽകാൻ കഴിവുള്ളതും സത്കവികൾക്ക് ഖ്യാതിയെ നൽകുന്നതിനും, അവർക്ക് സകലമായ സമ്പത്തിനെ പ്രദാനം ചെയ്യുന്നതിനും, മനസ്സ് പ്രസന്നമാക്കുന്നതിനും, പ്രത്യേക വ്യക്തികൾക്ക് ഉപകാരത്തെ നൽകുന്നതിനും അവസാന സമയത്ത് ആത്യന്തിക ദുഃഖനിവൃത്തിയെ നൽകി പരമമായ മോക്ഷത്തെ നൽകുന്നതിനും സമർത്ഥമാണ്.

**സ്തുതി- 36**

**എതാഃ പൂർവകവിപ്രണീതവിവിധഗ്രന്ഥാമൃതാസ്വാദന-**
**ക്രീഡാദുർലളിതം ഹരന്തി ഹൃദയം വാചഃ കഥം ധീമതാം**
**കേഷാഞ്ചിത്പുനരീശ്വരസ്തുതിപദവ്യാഹാരഹേവാകിനാം**
**യാസ്യന്തി സ്പൃഹണീയതാം ഭുവി ഭവക്ളേശസ്പൃശാം മാദൃശാം**

**അർത്ഥം**- എന്റെ ഈ വചനങ്ങൾ പ്രാചീനകവികൾ എഴുതിയ വിവിധങ്ങളായ ഗ്രന്ഥരൂപത്തിലുള്ള അമൃതിനെ സമ്യക്കാകുംവണ്ണം ആസ്വദിക്കുന്ന സഹൃദയരുടെ ഹൃദയത്തെ എങ്ങിനെയാണ് കവരുന്നത്? അർത്ഥമാക്കുന്നത് ഏതൊരു വിദ്വാന്മാരാണോ പ്രാചീന മഹാകവികളുടെ ശൃംഗാരം, വീരം, ഹാസ്യരസ പ്രധാനങ്ങളായ കാവ്യങ്ങളെ ആസ്വദിക്കുന്നത്, അവർക്ക് എന്റെ ഭക്തി അല്ലെങ്കിൽ ശാന്തരസപ്രധാനമായ വചനങ്ങളെ എങ്ങിനെയാണ് പ്രിയമാകുന്നത് ? എന്നിരുന്നാലും ആരാണോ പീഡിതന്മാരും, ദുഃഖിതരും, ഈശ്വരസ്തുതികൾ വളരെയധികം ഇഷ്ടപ്പെടുന്നവരും, ഭഗവത് തത്വജിജ്ഞാസുക്കളുമായവർ എന്റെ വചനങ്ങളെ സ്വയമേവ ഇഷ്ടപ്പെടുന്നു. അവരെ ആദരിക്കേണ്ടത് അവശ്യമാണ്.

ഇതി കാശ്മീരമഹാകവി ശ്രീമജ്ജഗദ്ധരഭട്ടവിരചിതേ ഭഗവതോ മഹേശ്വരസ്യ സ്തുതികുസുമാഞ്ജലൗ 'കവി-കാവ്യ-പ്രശംസാഖ്യം' പഞ്ചമം സ്തോത്രം

കാശ്മീരമഹാകവി ശ്രീജഗദ്ധരഭട്ടൻ രചിച്ച ഭഗവാൻ മഹേശ്വരന്റെ സ്തുതികുസുമാഞ്ജലിയിലെ 'കവി-കാവ്യ-പ്രശംസാ' എന്ന് പേരായ അഞ്ചാമത്തെ സ്തോത്രം.

## ഷഷ്ഠസ്തോത്രം

(ആറാം സ്തോത്രം)

ഹരാഷ്ടകം

**സ്തുതി- 1**

ജയത്യഖിലഖേചരപ്രവരമൗലിരത്നപ്രഭാ-
പ്രരോഹപരിപീവരീകൃതനഖാംശുപാദാംബുജഃ
വിശാലനയനത്രയീരചിതധാമധാമത്രയീ-
തിരസ്കൃതജഗത്ത്രയീപരിണതാന്ധകാരോ ഹരഃ

**അർത്ഥം-** ബ്രഹ്മാവ്, വിഷ്ണു, ഇന്ദ്രൻ ഇത്യാദികളായ എല്ലാ ദേവന്മാരുടേയും ശിരസ്സിലെ പദ്മരാഗം തുടങ്ങിയ രത്നങ്ങളുടെ തിളക്കത്താൽ ആരുടെ കാലിലെ നഖങ്ങൾക്കാണോ ചുവപ്പ് നിറം അധികമായി പ്രാപ്തമായത്, അതുപോലെ ആരുടെ വിശാലമായ മൂന്ന് കണ്ണുകളിൽ സ്ഥിതി ചെയ്യുന്ന മൂന്ന് തേജസ്സുകളാണോ (സൂര്യൻ, ചന്ദ്രൻ, അഗ്നി) മൂന്ന് ലോകങ്ങളിലെയും അന്ധകാരത്തെ ഇല്ലാതാക്കുന്നത്, ആ ഹരൻ (ശരണാഗതരുടെ ദുഃഖങ്ങളെ ഇല്ലാതാക്കുന്ന ഭഗവാൻ സദാശിവൻ) സർവോത്കൃഷ്ടനാണ്.

സ്തുതി- 2

ജയത്യമരദീർഘികാസലിലസേകസംവർധിത-
പ്രചണ്ഡനയനാനലപ്ലുപിതതാപ്രവൃതാപവ്യഥഃ
അചിന്ത്യചരിതോജ്ജ്വലജ്വലദനന്യസാധാരണ-
പ്രഭാവമഹിമാഹിതത്രിഭുവനോപകാരോ ഹരഃ

**അർത്ഥം-** ദേവതമാരുടെ വിശിഷ്ടമായ സരോവരത്തിലെ ജലത്തിൽ മുങ്ങുക വഴി അധികമായ തേജസ്സിനെ പ്രാപ്തമാക്കിയ മൂന്നാം കണ്ണിലെ അഗ്നിയാൽ ഈ ലോകമാകുന്ന മരുഭൂമിയിലെ താപത്രയങ്ങളെ ശാന്തമാക്കുന്നതും, ഇങ്ങനെയുള്ള ആശ്ചര്യമയമായ ചരിത്രങ്ങളാൽ ശോഭിക്കുന്നതും ലോകോത്തരമായ പ്രഭാവത്തിന്റെ മഹിമയോടു കൂടിയതും മൂന്നു ലോകങ്ങൾക്കും ഉപകാരത്തെ ചെയ്യുന്നവനുമായ ഹരൻ എല്ലായ്പ്പോഴും ജയിക്കട്ടെ.

സ്തുതി- 3

ജയത്യചലകന്യകാലളിതദോർലതാലിങ്ഗിത-
സ്ഫുരദ്ഗരളകാലിമാകലിതകാന്തകണ്ഠസ്ഥലഃ
തഡിദ്വലയലങ്ഘിതോല്ലസദമോഘമേഘഭ്രമ-
പ്രമത്തഗുഹബർഹിണോപഹൃതനൃത്തഹർഷോ ഹരഃ

**അർത്ഥം-** അതിതീക്ഷണമായ കാളകൂടവിഷത്തിന്റെ കറുപ്പിനാൽ മനോഹരമായ ശിവന്റെ കഴുത്തിൽ നാഗേന്ദ്രകന്യയുടെ (പാർവതി) വളരെ ലളിതമായ കൈകളാകുന്ന ലതകളാൽ ആലിംഗനം ചെയ്യുന്തു കണ്ട് ഇടിമിന്നലാകുന്ന മേഖലയോടുകൂടിയ വളരെ കറുത്ത മേഘമാണെന്ന ഭ്രമത്താൽ ഉന്മത്തനായ സുബ്രഹ്മണ്യ വാഹനമായ മയിൽ സന്തോഷത്താൽ നൃത്തത്തെ ചെയ്തു. ആ മയിലിന്റെ നൃത്തത്തിൽ സന്തുഷ്ടനായ ഭഗവാൻ ഹരൻ

ജയിക്കട്ടെ.

സ്തുതി- 4

**ജയത്യവിരലോച്ഛലദ്ഗരളവഹ്നിഹേതിച്ഛടാ-**
**സടാലഫണഭീഷണക്ഷപണപാശമോക്ഷക്ഷമഃ**
**ഉദാരകരുണാരസപ്രസരസാരസിക്താശയഃ**
**പ്രപന്നവിപദർണവോത്തരണകർണധാരോ ഹരഃ**

**അർത്ഥം**- തന്റെ ശരണാഗതർക്ക് നിരന്തരം സന്തോഷത്തെ നൽകുന്നതും, വിഷരൂപിയായ അഗ്നിജ്വാലയോടുകൂടിയതും കഠിങ്ങളായ ഫണങ്ങളോടും അതിഭയാനകമായ യമന്റെ കയറിനെപ്പോലും ഛേദിക്കാൻ കഴിവുള്ളവനും, ഉദാരകരുണാരൂപിയും, അമൃതപ്രവാഹത്താൽ ആർദ്രചിത്തനും, ശരണമായെത്തിയ ജനങ്ങളെ ആപത്താകുന്ന സമുദ്രത്തെ മറികടക്കാൻ സഹായിക്കുന്നവനുമായ ആ സമുദ്രയാത്രികനായ ഹരൻ ജയിക്കട്ടെ.

സ്തുതി- 5

**ജയത്യുദധിനിഃസരദ്ഗരനിഗാരലബ്ധാഭയ-**
**പ്രമോദഭരനിർഭരത്രിദശദൈത്യവൃന്ദസ്തുതഃ**
**രസാതലതലോദ്ഗതജ്വലദളങ്ഘ്യലിങ്ഗോല്ലസ-**
**ന്മഹാമഹിമമോഹിതദ്രുഹിണവാസുദേവോ ഹരഃ**

**അർത്ഥം**- ക്ഷീരസാഗരത്തിൽ നിന്ന് പുറത്തുവന്ന കാളകൂടത്തെ സ്വന്തം കണ്ഠത്തിൽ പ്രാപ്തമാക്കിവനും, അതുകൊണ്ടുണ്ടായ നിർഭയത്താൽ ഉത്പന്നമായ സന്തോഷത്താൽ ആശ്രിതരുമായ ദേവന്മാരാലും അസുരന്മാരാലും വന്ദിക്കപ്പെടുന്നവനും, പാതാളത്തിൽ നിന്ന് പുറത്തുവന്ന അലങ്ഘനീയമായ അഗ്നിജ്വാലാസ്വരൂപമായ അനാദിയായ ജ്യോതിർമയലിംഗത്തിന്റെ മഹിമയാൽ ബ്രഹ്മാ-വിഷ്ണുക്കളെ പോലും മോഹിപ്പിച്ച ഹരൻ (ശിവൻ) ജയിക്കട്ടെ.

സ്തുതി- 6

**ജയത്യതുലവിക്രമോന്മിഷദഖർവഗർവജ്ജ്വര-**
**ജ്വലച്ചപലമന്മഥോന്മഥനഭഗ്നഭോഗസ്പൃഹഃ**
**ദശാസ്യഭുജമണ്ഡലീതരളിതൈകപിങ്ഗാചല-**
**ത്രസദ്ഗിരിസുതാഹഠഗ്രഥിതകണ്ഠപീഠോ ഹരഃ**

**അർത്ഥം**- തുലനം ചെയ്യാൻ സാധിക്കാത്ത പരാക്രമശാലിയും, അഹങ്കാരരൂപിയായ ജ്വരത്തെ കത്തിക്കുന്നവനും, ചപലമായ കാമദേവനെ ഭസ്മമാക്കി ഭോഗതൃഷ്ണയെ ഇല്ലാതാക്കിയവനും, രാവണന്റെ കൈകളാൽ ഉയർ

ത്തപ്പെട്ട കൈലാസ പർവതത്തിലിരുന്ന് ഭയപ്പെട്ട പാർവതിയെ നിർബന്ധിച്ച് കഴുത്തിൽ ആലിംഗനം ചെയ്യിച്ച ഹരൻ ജയിക്കട്ടെ.

സ്തുതി- 7

**ജയത്യകലിതോല്ലസന്മദഭരോദ്ധുരാന്ധാസുര-**
**പ്രതിഷ്കരണസാന്ത്വനപ്രഥിതനിഗ്രഹാനുഗ്രഹഃ**
**ജഗത്ത്രയഭയങ്കരത്രിപുരഘോരദാവാവലീ-**
**സലീലകവലീകൃതിപ്രളയവാരിവാഹോ ഹരഃ**

**അർത്ഥം**- തീവ്രമായ മദത്തിന്റെ വേഗത്തിൽ ഉന്മത്തനായ അന്ധകാസുരനെ വധിച്ചവനും, വിശ്വാസത്തോടുകൂടി തന്റെ ശാസനയേയും അനുഗ്രഹത്തേയും പ്രകടമാക്കുന്നവനും, മൂന്നു ലോകങ്ങൾക്കും ഭയത്തെ നൽകുന്ന ത്രിപുരാസുരന്റെ മൂന്ന് മൂലരൂപങ്ങളായ വനാഗ്നിയെ അനായാസം ശാന്തമാക്കുന്ന പ്രളയകാലത്തിലെ മേഘത്തിനു തുല്യമായ ഭഗവാൻ ഹരൻ ജയിക്കട്ടെ.

സ്തുതി- 8

**ജയത്യഘവനാശനിഃ സുമതിമാഘവീമാധവഃ**
**കൃപാമൃതപയോനിധിർഭവമഹാർണവൈകപ്ളവഃ**
**വിപത്തൃണസമീരണഃ പ്രണയിചിത്തചിന്താമണിഃ**
**സമസ്തഭുവനോദയപ്രളയകേളികാരോ ഹരഃ**

**അർത്ഥം**- മനസ്സ്, വാക്ക്, ശരീരം എന്നിവകളാൽ ഉപാർജിതമായ മൂന്നു വിധത്തിലുള്ള പാപരൂപങ്ങളായ വനത്തെ ഇല്ലാതാക്കുന്ന വജ്രസ്വരൂപനും, ബുദ്ധിരൂപിയായ സുന്ദരലതകളെ തേജസ്സോടുകൂടിയാക്കുന്ന വസന്ത ഋതുസ്വരൂപനും, കൃപാരൂപമായ അമൃതിന്റെ മഹാസാഗരമായവനും, സംസാരരൂപമായ മഹാസാഗരത്തെ തരണം ചെയ്യാൻ സഹായിക്കുന്ന ഏകമാത്രമായ നൗകാരൂപനും, വിപത്തിരൂപിയായ പുല്ലിനെ പറിച്ചുകളയുന്ന വായുസദൃശനും, ശരണാഗതരുടെ ഇച്ഛകളെ പൂർത്തിയാക്കുന്ന ചിന്താമണിയും, എല്ലാ ബ്രഹ്മാണ്ഡങ്ങളുടേയും ഉത്പത്തിയായവനും, സ്ഥിതിയും അതുപോലെ പ്രളയരൂപത്തിലുള്ള ക്രീഡയെ ചെയ്യുന്ന ഭഗവാൻ ഹരൻ ജയിക്കട്ടെ.

ഇതി കാശ്മീരമഹാകവി ശ്രീമജ്ജഗദ്ധരഭട്ടവിരചിതേ ഭഗവതോ മഹേശ്വരസ്യ സ്തുതികുസുമാഞ്ജലൗ 'ഹരാഷ്ടകം' നാമ ഷഷ്ഠം സ്തോത്രം.

കാശ്മീരമഹാകവി ശ്രീജഗദ്ധരഭട്ടൻ രചിച്ച ഭഗവാൻ മഹേശ്വരന്റെ സ്തുതികുസുമാഞ്ജലിയിലെ 'ഹരാഷ്ടകം' എന്ന് പേരായ ആറാമത്തെ സ്തോത്രം.

(തുടരും)

# കുട്ടികളുടെ
# വാല്മീകിരാമായണം  34

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും
മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രിയ ശാംഭവി കൂട്ടുകാരേ,

" വിധിവിഹിത മേവനും ലംഘിച്ചു ഇടുമോ "? എന്ന കവിവചനം സാർത്ഥകമാക്കി, രാവണശാസന ശിരസ്സാ വഹിച്ച് അവസാനം മാരീചൻ ഈ ദുഷ്ക്കർമ്മനിർവ്വഹണത്തിനായി തയ്യാറായി. മനസ്സില്ലാമനസ്സോടെയാണെങ്കിലും, കൃത്യനിർവ്വണത്തിൽ ലോപം വരുത്താൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല, ദൂരങ്ങൾ പിന്നിട്ട്, അവരിരുവരും ദണ്ഡകാരണ്യത്തിലെത്തി. പവിത്രമായ ആ വനഭൂമിയിൽനിന്ന് പിറവിയെടുത്തപോലെ, പെട്ടെന്നതാ ആരേയും മോഹിപ്പിക്കുന്ന രൂപഭാവാദികളോടെ മാരീചൻ ഒരു സ്വർണ്ണമാനിന്റെ രൂപമെടുത്തു. മനുഷ്യരായിപ്പിറന്ന സകലരുടേയും മനസ്സിൽ പ്രലോഭനം സൃഷ്ടിയ്ക്കുന്ന ആ മനോഹരരൂപത്തിന്റെ ദർശനമാത്രയിൽ രാക്ഷസരാജാവായ രാവണൻ പൂർണ്ണതൃപ്തനായി. മാരീചനെ വാനോളം പുകഴ്ത്തുകയും ചെയ്തു. മനുഷ്യമനസ്സിന്റെ അഗാധതലങ്ങളിൽ ഉറങ്ങിക്കിടക്കുന്ന ഇന്ദ്രിയാനുഭൂതികളെ തട്ടിയുണർത്തുമ്പോൾ, അതിന് കീഴടങ്ങാത്തവർ അപൂർവ്വങ്ങളിൽ അപൂർവ്വമാണെന്ന വാസ്തവം ത്രികാലജ്ഞനായ വാല്മീകി മഹർഷി വ്യക്തമാക്കുക കൂടിയാണിവിടെ ചെയ്തിരിക്കുന്നത്. മായാ പ്രയോഗത്തിൽ അതിചതുരനായ മാരീചൻ, സീതയുടെ സൌന്ദര്യബോധത്തെ ചൂഷണം ചെയ്ത്, ചതിപ്രയോഗത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. സീതയുടെ ശ്രദ്ധ തന്നിൽ കേന്ദ്രീകൃതമായെന്ന് മനസ്സിലായപ്പോൾ അടുത്തും, അകന്നുമുള്ള തന്ത്രമാണ് പ്രയോഗിച്ചത്. എങ്ങിനെയും തന്റെ മനസ്സിനെ കീഴടക്കിയ ഈ സ്വർണ്ണമാനിനെ സ്വന്തമാക്കണമെന്ന സീതയുടെ നിർബ്ബന്ധബുദ്ധിക്കുവശംവദനായി ശ്രീരാമൻ, ആയുധധാരിയായി ഈ മാഹാമൃഗത്തെ പിൻതുടർന്നു. മായാവിദ്യയിൽ മാത്രമല്ല ചതിപ്രയോഗത്തിലും വൈദഗ്ധ്യം നേടിയ മാരീചൻ ഓടിയും, ചാടിയും, മാഞ്ഞും, മായാതെയും ക്ഷീണിതനാക്കി. അവസാനം അദ്ദേഹത്തിന്, ഇതിന്റെ നേരെ അസ്ത്രം തൊടുക്കേണ്ടിവന്നു. ഹാസീതേ, ലക്ഷ്മണാ.. എന്നിങ്ങനെ വിലപിച്ചുകൊണ്ടാണ്

മായാമൃഗമായ മാരീചൻ മരിച്ചുവീണത്. ഇതു കേട്ടമാത്രയിൽ സീത, സ്ത്രീസഹജമായ രീതിയിൽ ഓരോന്നുപറഞ്ഞ് കരയാൻ തുടങ്ങി. ശ്രീരാമശബ്ദത്തിൽ നിലവിളിച്ചത് രാക്ഷസമായയാണെന്നും ദേവസംഭവനായ രാമന് യാതൊന്നും സംഭവിയ്ക്കുകയില്ലെന്നുമുള്ള ലക്ഷ്മണന്റെ അനുനയങ്ങളൊന്നും തന്നെ സീതയുടെ മുമ്പിൽ വിലപ്പോയില്ല. തന്റെ സർവ്വസ്വമായ രാമൻ അപകടത്തിൽപ്പെട്ടെന്നറിഞ്ഞിട്ടും നിസ്സംഗനായി നിലകൊള്ളുന്നവൻ സഹോദരസ്ഥാനത്തിനർഹനല്ലെന്നും, ജ്യേഷ്ഠൻ ഇല്ലാതായാൽ തന്നെ സ്വന്തമാക്കാമെന്നുള്ള ആഗ്രഹമാണെന്നുവരെ സീത നിസ്സഹായനായ ലക്ഷ്മണനെ കുറ്റപ്പെടുത്തി സംസാരിച്ചു. നിവൃത്തിമാർഗ്ഗമില്ലാതെ, അവസാനം സ്ത്രീകളുടെ ചാപല്യത്തേയും, എടുത്തുചാട്ടത്തേയും മനസ്സാശപിച്ചുകൊണ്ടും, പഴിച്ചുകൊണ്ടും പ്രസ്തുതശബ്ദം ഉത്ഭവിച്ച സ്ഥലം ലക്ഷ്യമാക്കി പുറപ്പെട്ടു. പോകുന്നതിനുമുമ്പ് മാതാവിനെപ്പോലെ താൻ കരുതുന്ന ജ്യേഷ്ഠത്തിയുടെ സുരക്ഷയ്ക്കായി ഒരു അതിർത്തിരേഖ വരച്ചിടുകയും ചെയ്തു. എന്തുകാരണവശാലും, ഈ അതിർത്തിയ്ക്കപ്പുറം പ്രവേശിക്കരുതെന്നും, അപ്രകാരം സംഭവിച്ചാൽ, അതിന് കനത്തവില നൽകേണ്ടിവരുമെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ടാണ് ദുഃഖിതനായ ലക്ഷ്മണൻ അവിടം വിട്ടത്. പ്രിയ കൂട്ടുകാരേ, ലക്ഷ്മണരേഖ എന്ന പ്രയോഗം പിന്നീട് മലയാളഭാഷാ സാഹിത്യത്തിലെ വിലപിടിപ്പുള്ള ഒരു മുത്തായിമാറുകയും ചെയ്തു. മാത്രമല്ല, ഇതു കേൾക്കുന്നമാത്രയിൽ രാമായണം പൂർണ്ണമായി മനസ്സുകളിൽ മിന്നിമറയുകയും ചെയ്യും. വേണ്ടപ്പെട്ടവരുടെ സ്നേഹോപദേശങ്ങൾ, ആത്മാർത്ഥമായ പ്രതികരണങ്ങൾ എന്നിവയ്ക്ക് വേണ്ടത്രവിലകല്പിക്കാത്തവർക്ക്, ദീർഘവീക്ഷണമില്ലാത്തവർക്ക് സംഭവിയ്ക്കുന്നതെന്താണെന്നുകൂടി ലോകത്തിന് പറഞ്ഞുതരികയാണ് കൃതകൃത്യനായ മഹാമുനി. ജ്യേഷ്ഠനെത്തേടിയിറങ്ങിയ ലക്ഷ്മണനുറപ്പുണ്ടായിരുന്നു ചതിപ്രയോഗമാണെന്ന്. പക്ഷേ നിവൃത്തിയില്ലാതെ ജ്യേഷ്ഠത്തിയുടെ സംരക്ഷണച്ചുമതല വനദേവതമാരെ ഏല്പിച്ച് നിസ്സാരനാകേണ്ടിവന്നു ലക്ഷ്മണന്. സംഭവിയ്ക്കാനുള്ളത് സംഭവിയ്ക്കുമെന്നാണ് ത്രികാലജ്ഞനായ മഹർഷി വ്യക്തമാക്കുന്നത്. മനുഷ്യരെല്ലാം നിസ്സാരരും, നിസ്സഹായരുമാണെന്നും അലംഘനീയമായ കാലത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് നടന്നുനീങ്ങാൻ നിയോഗിയ്ക്കപ്പെട്ടവരാണെന്നും അനുഭവത്തിന്റെ വെളിച്ചത്തിൽ നമ്മൾ മനസ്സിലാക്കുന്നു. സംഭവങ്ങൾക്ക് വ്യക്തികൾ കാരണഭൂതരായിത്തീരുന്ന മനോഹരമായ പ്രതിഭാസം മാത്രമല്ല, മാനുഷികസ്പർശം ഏറെയുള്ളതുകൊണ്ടു കൂടിയാണ് രാമായണം എക്കാലവും ഏറെ രസനീയവും, ഹൃദയസ്പർശിയുമായി അനുവാചകർക്ക് അനുഭവപ്പെടുന്നത്.

(തുടരും)

# താന്ത്രികവൈഷ്ണവദർശനം

ഡോ. ദാമോദർ നാരായണൻ സി.എൻ.

(കഴിഞ്ഞ ലക്കം തുടർച്ച)

## പ്രത്യാഹാരം

അഞ്ചു തരത്തിലാണ് പ്രത്യാഹാരരീതികൾ പരാമർശിച്ചിട്ടുള്ളത്.

1. ഇന്ദ്രിയാണാം സർവ്വേഭ്യോ വിഷയേഭ്യോബലാദാഹരണം- ഇന്ദ്രിയങ്ങളെ മുഴുവനും എല്ലാ വിഷയങ്ങളിൽ നിന്നും ബലമായി ആകർഷിക്കുക.
2. ആത്മനി സർവ്വമാത്മൈവ ദീക്ഷമാണം- തന്നിൽ എല്ലാത്തിനെയും താനായിത്തന്നെ ധാരണ ചെയ്യുക.
3. വിഹിതകർമ്മണാം ബഹിർവ്വിനാമനസാകൃതം-ശാസ്ത്രവിഹിതങ്ങളായുള്ള കർമ്മങ്ങളുടെ ഏകാഗ്രതയോടു കൂടിയുള്ള അനുഷ്ഠാനം.
4. പാദാംഗുഷ്ഠാദിമൂർദ്ധാന്തം അഷ്ടാദശമർമ്മസ്ഥാനേഷു വായുമാരപ്യ ധാരയിത്വാ സ്ഥാനാത് സ്ഥാനാദൂർദ്ധ്വതോ ഽധസ്താച്ച സമാകർഷണം- കാലിൻറെ പെരുവിരൽ മുതൽ മൂർദ്ധാവു വരെ പതിനെട്ടു മർമ്മസ്ഥാനങ്ങളിൽ വായുവിനെ ധാരണ ചെയ്ത് താഴെ തുടങ്ങിയ സ്ഥാനങ്ങളിൽ നിന്നും മുകളിലേക്കുള്ള ക്രമമായ ആകർഷണം.
5. നാഡീമാർഗ്ഗേഷു വായുമാരോപ്യ നിരോധനം- നാഡീമാർഗ്ഗങ്ങളിൽ വായുവിനെ ആരോപിച്ചുള്ള നിരോധനം.

ഈ ഗ്രന്ഥത്തിൽ മേല്പറഞ്ഞ 18 മർമ്മസ്ഥാനങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ മാർഗ്ഗങ്ങളെല്ലാം തന്നെ രഹസ്യാത്മകവും നിർബ്ബന്ധമായും ഒരു ഗുരുവിൻറെ നിർദ്ദേശപ്രകാരം തന്നെ ചെയ്യേണ്ടതുമാകുന്നു.

നാഡികളെക്കുറിച്ച് വിശദമായി വിമാനാർച്ചനാകല്പത്തിൽ പരാമർശിച്ചിരിക്കുന്നു. യോഗമാർഗ്ഗത്തിലെ മറ്റു ഗ്രന്ഥങ്ങളിൽ പറയുന്ന വിവരങ്ങൾ തന്നെയാണ് ഇവിടെയും ഉള്ളത്. ആകെ 72,000 നാഡികളുള്ളതിൽ പതിനാലെണ്ണം മുഖ്യമായിരിക്കുന്നു.

പതിനാലു നാഡികൾ- ഇഡാ, പിംഗളാ, സുഷുമ്നാ, സരസ്വതീ, വാരുണീ (ചാരുണീ), പൂഷാ, ഹസ്തിജിഹ്വാ യശസ്വിനീ, വിശ്വോദരാ, കുഹൂ, ശംഖിനീ, പയസ്വിനീ, അലംബുഷാ, ഗാന്ധാരീ.

അവയിൽ ആദ്യത്തെ മൂന്നു നാഡികളായ ഇഡാ, പിഗളാ, സുഷുമ്നാ

എന്നിവ ഏറ്റവും പ്രധാനപ്പെട്ടവയാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് സുഷുമ്നാനാഡിയുമാണ്. അതിന്, വ്യക്താ, വൈഷ്ണവീ, സാത്വികീ, മുക്തിമാർഗ്ഗാ എന്നും പേരുകളുണ്ട്. (വിമാനാർച്ചനാകല്പം 92ആം പടലം).

## ധാരണാ

ധാരണ പ്രധാനമായും എട്ടു വിധത്തിലാണുള്ളത്.

1. ആത്മനി യമാദിഗുണയുക്തമനസാ സ്ഥിതിഃ.- യമാദിഗുണങ്ങളോടു കൂടിയ മനസ്സിനെ ആത്മാവിങ്കൽ യോജിപ്പിക്കുക.
2. ഹൃത്പദ്മാന്തരാകാശേ ബാഹ്യാകാശേ ധാരണം-ഹൃദ്പദ്മാന്തരാകാശത്തിങ്കലും (ഹൃദയത്തിങ്കലും) ബാഹ്യാകാശത്തിലും (പുറത്തു കാണുന്ന ലോകത്തിലും) ധാരണ ചെയ്യുക.

3,7 പൃഥിവ്യാദി മഹാഭൂതേഷു പഞ്ചസു ദേവാനാം പഞ്ചധാരണാനി- പൃഥിവി തുടങ്ങിയ അഞ്ചുമഹാഭൂതങ്ങളിൽ അനിരുദ്ധൻ അച്യുതൻ, സത്യൻ, പുരുഷൻ, വിഷ്ണു എന്നീ ദേവതകളെ ധാരണ ചെയ്യുക.

8. ഹൃത്പദ്മമദ്ധ്യേ പരമാത്മാനന്ദവിഗ്രഹധാരണം- ഹൃദ്പദ്മത്തിന്റെ മദ്ധ്യത്തിൽ പരമാത്മാവായ ആനന്ദസ്വരൂപനെ ധാരണ ചെയ്യുക.

## ധ്യാനം

ജീവാത്മാവിനെക്കൊണ്ട് പരമാത്മാവിനെക്കുറിച്ചുള്ള ചിന്തനമാണ് ധ്യാനം. അത് നിഷ്കലം, സകലം എന്നിങ്ങനെ രണ്ടു വിധത്തിലുണ്ട്. നിഷ്കലമെന്നും സകലമെന്നും. നിഷ്കലമെന്നത് ദേവന്മാരെക്കൊണ്ടു പോലും അഭിലഷിക്കാൻ സാധിക്കാത്തതും അദൃശ്യവുമാണ്. സകലം രണ്ടുവിധം. നിർഗ്ഗുണം, സഗുണം എന്നിങ്ങനെ. ഇവയെക്കുറിച്ചുള്ള വിശദവിവരണം ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്.

## സമാധി

ജീവാത്മാവിന്റെയും പരമാത്മാവിന്റെയും സമമായ അവസ്ഥയാണ് സമാധി. ഏതു പോലെയാണോ ചൂടില്ലാത്ത പാറ സൂര്യകിരണങ്ങളേറ്റ് ചൂടാകുന്നതു പോലെ പരമാത്മാവിന്റെ അനുഭവത്താൽ ഓരോ ജീവാത്മാവും നിത്യശുദ്ധമുക്തബുദ്ധസ്വഭാവത്തോടു കൂടിയതായി പരമാനന്ദമയനായി നാരായണനെ എല്ലായ്പ്പോഴും അനുഭവിക്കുന്നവനായി മാറുന്നു.

ഇപ്രകാരം അഷ്ടാംഗമാർഗ്ഗത്തിലൂടെ സാധന ചെയ്യുന്നയാൾ അണിമാദി അഷ്ടസിദ്ധികളോടു കൂടിയവനാകുകയും ജീവന്മുക്തനാകുകയും ചെയ്യുന്നു.

(തുടരും)

# ചക്കരക്കൊല്ലി

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

പേരുകേൾക്കുമ്പോൾത്തന്നെ അനുഭവപ്പെടുന്ന പ്രതീതി ഈ ഔഷധച്ചെടിയുടെ ഫലത്തെ പൂർണ്ണമായും പ്രതിനിധാനം ചെയ്യുന്നു. പ്രമേഹത്തിന്റെ ആരംഭത്തിൽത്തന്നെ ഇത് ഉപയോഗിച്ചുതുടങ്ങിയാൽ തികച്ചും ഫലപ്രദമാണ്. ചക്കരക്കൊല്ലിയുടെ ഇല ചവച്ചതിനുശേഷം മധുരമുള്ള ഏതുവസ്തു വായിലിട്ടാലും, മധുരരസം രുചിച്ചറിയാൻ നാക്കിന് കഴിയാതെ വരുന്നു. അതുകൊണ്ടുകൂടിയാണ് ചക്കരക്കൊല്ലി എന്ന പേര് സിദ്ധിച്ചത്. പഞ്ചസാരയെ നശിപ്പിക്കുന്ന ഒരുതരം ഗ്ലൂക്കോസൈഡ് ഇതിൽ അടങ്ങിയിരിക്കുന്നു. അസക്ലിപിയഡേസ് കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം ജിംനെമ സിൽവെസ്ട്ര എന്നാണ്. മധുനാശിനി, മധുലിക, മേഷശൃംഗി തുടങ്ങിയ പേരുകളിൽ സംസ്കൃതത്തിൽ അറിയപ്പെടുന്നു. ഇല, വേര് തുടങ്ങിയവയാണ് ഔഷധാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. ഇതിന്റെ ഇല പ്രമേഹരോഗത്തിന് വളരെ നല്ലതാണ്. മൂത്രത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നു. മലം ഇളക്കി എളുപ്പത്തിൽ പുറത്തുകളയാനുള്ള ശക്തിയുണ്ട്. ഹൃദയത്തേയും, രക്തചംക്രമണത്തേയും ഉത്തേജിപ്പിക്കുന്നു. ഇതിന്റെ വേര് സർപ്പവിഷത്തിന് ഉപയോഗിച്ചുവരുന്നു.

ഔഷധപ്രയോഗങ്ങളിലേയ്ക്ക് കടന്നാൽ - മൂത്രം തെളിഞ്ഞ് പോകുന്നതിന് അതിരാവിലെ ഇതിന്റെ നാലഞ്ചു ഇലകൾ ചവച്ചുതിന്നുന്നത് ഫലപ്രദമാണ്. ഭാരതത്തിൽ പലഭാഗങ്ങളിലും പൗരാണികകാലം മുതൽ പ്രമേഹത്തിന് ചികിത്സപോലെ ഇതിന്റെ ഇല അരച്ച് വെള്ളത്തിൽ കലക്കി കഴിയ്ക്കാറുണ്ട്. ഉണക്ക ഇല പൊടിച്ച് അരടീസ്പൂൺ മുതൽ ഒരുടീസ്പൂൺ വരെ ദിവസം രണ്ടുനേരം വെള്ളത്തിൽ കലക്കി ആഹാരത്തിന് തൊട്ടുമുൻപായി കൊടുത്താൽ ഫലപ്രാപ്തി കൈവരിക്കും. ഈ ഔഷധം ഉപയോഗിയ്ക്കുമ്പോൾ പ്രമേഹത്തിന്റെ പത്ഥ്യാചരണം പൂർണ്ണമായി ദീക്ഷിയ്ക്കേണ്ടതാണ്. ഇതിന്റെ ഇല അരച്ച് ആവണ്ണക്കെണ്ണ ചേർത്ത് ഉടനെപുരട്ടിയാൽ തീപ്പൊള്ളലിന്റെ രൂക്ഷത കുറയും. മൂത്രത്തിൽ കല്ല്, മൂലക്കുരു, നേത്രരോഗങ്ങൾ, ഹൃദയസംബന്ധമായ അസുഖങ്ങൾ എന്നിവയിലും ചക്കരക്കൊല്ലിയ്ക്ക് സമുന്നതസ്ഥാനമാണുള്ളതെന്ന് അടിസ്ഥാനഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു. മാത്രമല്ല, ആധുനിക പരീക്ഷണനിരീക്ഷണങ്ങളും ഈ വാസ്തവത്തിലേയ്ക്ക് വെളിച്ചം വീശിയിട്ടുണ്ട്.



ശ്രീ. രവി പാറക്കുന്നത്തിന്
ശ്രീപുരം ട്രസ്റ്റിന്റെ ആദരാഞ്ജലികൾ

ശ്രീപുരത്തിന്റെ തുടക്കകാലം മുതൽക്കുതന്നെ ഞങ്ങളുടെ എല്ലാ പുസ്തകങ്ങളുടേയും, ശാംഭവി എന്ന ത്രൈമാസികയുടേയും തുടങ്ങി എല്ലാ ശ്രീപുരം പ്രസിദ്ധീകരണങ്ങളുടേയും ഡി.റ്റി.പി വർക്കുകൾ സ്തുത്യർഹമായ രീതിയിൽ നിർവഹിച്ചിട്ടുള്ളത് അദ്ദേഹമാണ് അതിന് അദ്ദേഹത്തോടുള്ള ഞങ്ങളുടെ കൃതജ്ഞതയും, നന്ദിയും ഇതോടൊപ്പം അറിയിച്ചുകൊള്ളുന്നു. ഈ ജന്മം അദ്ദേഹത്തിന്റെ അവസാനജന്മമല്ലാ എങ്കിൽ, അതീവ ഉന്നതങ്ങളായ അറിവുകളുടെ ഭാഗമാവുകവഴി അവയെല്ലാം അദ്ദേഹത്തിന്റെ അബോധത്തിലേക്ക് തീർച്ചയായും സന്നിവേശിച്ചിട്ടുണ്ടാവും. ആ അറിവുകളാൽ ശുദ്ധീകരിക്കപ്പെട്ട അദ്ദേഹത്തിന്റെ അബോധം വരുന്ന ജന്മങ്ങളിലെ ബോധസ്രോതസ്സിനെ ഉണർത്തുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്ത് മുക്തിയുടെ അപാരമായ പാരമ്യതയിൽ ലയിച്ചുചേരാൻ അദ്ദേഹത്തിനു സാധിക്കട്ടെ എന്ന് അദ്ദേഹത്തിന്റെ സന്തപ്തരായ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് ഞങ്ങളും പ്രാർത്ഥിക്കുന്നു.

RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

*Scan the QR code for free download*

ISSN:2583-2484
9 772583 248001